Registered No. M-4485 | Madras War Review, Malayalam—22-12-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 ഡിസെമ്പർ 22-ാംനു, വെള്ളിയാഴ്ച [ലക്കം 16

## നാം ചെയ്യേണ്ട കൃത്യം

യുദ്ധത്തിൽ നാം ജയിച്ചുവരുന്നു; പക്ഷെ വിജയിച്ചു കഴിഞ്ഞിട്ടില്ല. തന്മൂലം യുദ്ധപരിശ്രമങ്ങൾക്ക് യാതൊരു ആലസ്യവും വരുത്താൻ പാടില്ല.

വാസ്തവത്തിൽ, ഇന്ത്യയ്ക്കു 1945 ൽ ഇതിലും മികച്ച മട്ടിലും, അഭിമാനാൎഹവുമായ ഒരു പങ്കു നിൎവ്വഹിക്കേണ്ടതായിവന്നേയ്ക്കും.

ഈ പ്രാഥമിക കൃത്യത്തിൽ നമ്മുടെ ശ്രദ്ധ എത്രമേൽ ജാഗ്രതയോടെ, കേന്ദ്രീകരിക്കുന്നുവോ, അത്രമേൽ ത്വരിതമായി നാം സമാധാനത്തിനോടടുക്കും.

ചൈന, ബ്രിട്ടൻ, റഷ്യാ എന്നീ ദേശങ്ങൾക്കു ഇന്ത്യ കൃതജ്ഞത പ്രദൎശിപ്പിക്കേണ്ടതാണ്. കാരണം, യുദ്ധത്തിന്റെ നാശങ്ങളിൽനിന്നു ഇന്ത്യയെ ഇവർ രക്ഷപ്പെടുത്തി. വളരെക്കാലത്തോളമായി, ഈ ദുരിതങ്ങൾ അനുഭവിയ്ക്കാത്ത ഒരു രാജ്യം ഇന്ത്യ മാത്രമാണ്. തങ്ങളുടെ ജീവിതരീതി ഉയൎത്തുന്നതിന്നും പുരോഗമനത്തിലേക്കെത്തുന്നതിന്നും ഇന്നു കിട്ടിയ സുവൎണ്ണാവസരം വിവേകപൂൎവ്വം ഇന്ത്യക്കാർ ഉപയോഗിക്കേണ്ടതാണ്.

ആരോഗ്യപ്രാപ്തിയ്ക്കുള്ള ഒന്നാമത്തെ ഉപാധി, ചികിത്സയിൽ വിശ്വാസമുണ്ടായിരിക്കുകയാണ് എന്നു ഞാൻ കരുതുന്നു. ഇന്ത്യൻ ജനതകളുടെ ക്ഷേമത്തിന്നും, ഇന്ത്യയുടെ സ്വയംഭരണത്തിന്നും വേണ്ടി ബ്രിട്ടീഷ് ജനങ്ങൾക്കുള്ള ആത്മാൎത്ഥമായ അഭിലാഷങ്ങളിൽ വിശ്വസിക്കുന്നതു് ആവശ്യമാണ്.

ഈ സംഗതിയിൽ ഞാൻ വിശ്വസിച്ചിരുന്നില്ലെങ്കിൽ, ഞാനിന്നത്തെ നിലയിൽ ഇവിടെ ഇരിക്കുന്നതായിരിക്കയില്ല എന്നു എനിക്കു നിങ്ങൾക്കു ഉറപ്പു തരാൻ സാധിക്കും.

—എച്ച്. ഇ. വൈസ്രോയി, 1944 ഡിസെമ്പർ 14-ാംനു കല്ക്കത്തയിൽ, അസോഷ്യേറ്റഡ് ചേമ്പർ ഓഫ് കമ്മേർസിൽ ചെയ്ത ഒരു പ്രസംഗത്തിൽനിന്നു.



വേവൽ പ്രഭു

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| നാം ചെയ്യേണ്ട കൃത്യം .. .. .. | 1 | എൻെറ വീട് മുങ്ങിപ്പോയി .. .. | 7 |
| ജപ്പാന്നെതിരായുള്ള യുദ്ധത്തിൽ ഇന്ത്യയ്ക്കുള്ള മാന്യസ്ഥാനം. | 2 | ഫിലിപ്പൈനിൽ തിരിച്ചെത്തി (ചിത്രം) .. | 8–9 |
| ഭാവിയിലേയ്ക്കു ഒരു നോട്ടം .. .. | 3, 6 | ഭടൻെറ സമ്മാനം .. .. .. | 10 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 4–5 | തുണിച്ചരക്കു നിയന്ത്രണം .. .. .. | 10 |
| കാഹളം മുഴക്കുവിൻ! .. .. .. | 6 | സോവിയററു വനിതകളുടെ യുദ്ധസേവനം .. | 11, 12 |


# ജപ്പാന്നെതിരായ യുദ്ധത്തിൽ ഇന്ത്യയ്ക്കുള്ള മാന്യസ്ഥാനം

ഇന്ത്യയിൽനിന്നാണ് ജപ്പാന്നെതിരായിട്ടുള്ള തൻെറ ആക്രമണം ലൂയി മൌണ്ട്ബാററൻ പ്രഭു ആരംഭിക്കുക. നമ്മുടെ ശക്തി വേഗതയിലായിരിക്കുന്നു; തന്മൂലം ജപ്പാന്നു ഇന്ന് ഞെരുക്കവും അധികരിച്ചിട്ടുണ്ട്. നിങ്ങൾക്കെല്ലാം അറിയാവുന്നപോലെ, ദിനംതോറും, പോരാ, മണിക്കൂർതോറും തന്നെ ജപ്പാന്നു ഞെരുക്കം വദ്ധിച്ചുവരുന്നു. അവസാനമായി ജപ്പാനെ പരാജയപ്പെടുത്തുന്നവരേയും ഈ രീതി തുടർന്നുവരികയും ചെയ്യും.

വിജയ സാദ്ധ്യതയ്ക്കുവേണ്ടി എല്ലാവരും അവരവർക്കു കഴിയുന്നതെല്ലാം ചെയ്യുന്നുണ്ടെന്നു എനിക്കു ബോദ്ധ്യമായിട്ടുണ്ട്. ഈ രാജ്യത്തെ യുദ്ധപരിശ്രമങ്ങൾ ഞാൻ തികച്ചും അറിഞ്ഞിട്ടുണ്ട്. അത്ഭുതാവഹമായ ശുഷ്കാന്തിയും, ഊജ്ജസ്വലതയും ഞാൻ ദശിക്കയുണ്ടായി. ഓരോ പയ്യടനത്തിന്നുശേഷവും, ഞാൻ കണ്ട കാഴ്ചകൾമൂലം കൂടുതൽ ഉത്സാഹഭരിതനായും പ്രോത്സാഹിതനായുമാണ് ഞാൻ മടങ്ങാറുള്ളതു്.

നാവികസേനയും, വിമാന സേനയേയും മററും സംബന്ധിച്ച കായ്യങ്ങളെ നിയന്ത്രിക്കുന്നവക്കും എനിക്കും ഇതു ഒരു വലിയ സഹായമാണ്.

ഇന്ത്യയിൽനിന്നു 14-ാം പടയുമായുള്ള സന്ദേശരീതികൾ ലോകത്തിലെ ഏററവും വിഷമം പടിച്ച ഒന്നാണ്. ലോകത്തിലെ സൈനിക ചരിത്രം രേഖപ്പെടുത്തുമ്പോൾ, ഒരു വമ്പിച്ച സേനയ്ക്കു ഉപയോഗിക്കുന്നതിന്നുള്ള ഏററവും പ്രയാസമേറിയ ഒന്നാണിതെന്നു, പ്രസ്താവിക്കുന്നതായിരിക്കും. യുനൈററഡ് സ്റ്റെററിലെ സേനകളുടേയും, ഇന്ത്യയിലെ ജനങ്ങളേയും വിഭവസാമഗ്രികളേയും ശരിപ്പെടുത്തുന്ന എഞ്ചിനിയർമാരുടേയും, സഹായത്തോടുകൂടി സന്ദേശ നിരകളിൽ ഭീമമായ കായ്യങ്ങൾ ചെയ്തുതീത്തിട്ടുണ്ട്.

കഴിഞ്ഞ കൊല്ലത്തിൽ, അസാദ്ധ്യമായ ഒരു കായ്യമാണ് ഇതെന്നു പറയത്തക്ക നിലയിൽ അത്ര കെങ്കേമമായ ഒരു പ്രാപ്തിയാണ് ഈ സംഗതിയിൽ പ്രദശിപ്പിച്ചിട്ടുള്ളതു്.

## ഇന്ത്യയുടെ യുദ്ധപരിശ്രമങ്ങൾ ലോകത്തെ മുഴവൻ ബാധിക്കുന്നു

ഞങ്ങൾ, പ്രത്യേകിച്ചും ഇന്ത്യാ ഗവമ്മേണ്ടു, ഒരു ശൂന്യതയിൽനിന്നു പ്രവൃത്തിക്കുകയാണ് എന്നു ചില ആളുകൾ വിചാരിക്കുന്നു. അതായതു, ആരുമായി ആലോചിക്കാതെയും, ലോകത്തിൽ മററിടങ്ങളിൽ ചെയ്യുന്ന തീരുമാനങ്ങളെപ്പററി ഗൌനിക്കാതെയും, കായ്യങ്ങൾ ഞങ്ങൾ സ്വന്തമായി തീച്ചപ്പെടുത്തുകയാണെന്നു കരുതുന്നു.

ആ മിത്ഥ്യാബോധം ഇല്ലാതാക്കണമെന്നു ഞാൻ പറയട്ടെ. ഇന്ത്യാഗവമ്മേണ്ടും, എൻെറ ഹെഡ്കാർട്ടറുമായി അടുത്ത സഹകരണമുണ്ട്.

യുദ്ധത്തിൽ സഹായിക്കുന്നതിന്നുള്ള ഇന്ത്യയുടെ ശേക്ഷി, യുദ്ധപരിശ്രമങ്ങളെ മുഴവനും സാരമായി ബാധിക്കുന്നുണ്ട്. ഒരേ ഒരു യന്ത്രത്തിൻെറ വിവിധ ഭാഗങ്ങളാണ് നമ്മളെല്ലാം. യുദ്ധത്തെ സംബന്ധിച്ചേടത്തോളം, എല്ലാ സഖ്യനേതൃത്വങ്ങളേയും കൂട്ടിയിണക്കുന്ന ചങ്ങലയിലെ ഒരു കണ്ണിമാത്രമാണ് ഇന്ത്യയിലുള്ള ഞങ്ങൾ.

## ഇന്ത്യൻ മഹിളകൾക്കു അഭിനന്ദനം

പട്ടാളക്കാക്കുവേണ്ടി സ്വമേധയാ ഭാരതീയ വനിതകളും യൂറോപ്യൻ സ്ത്രീകളും സവിശേഷമായ സേവനങ്ങൾ ചെയ്യുന്നുണ്ട്. മദ്രാസ്, കൽക്കത്ത, ബോംബെ തുടങ്ങിയ സ്ഥലങ്ങളിൽ ഇവർ ചെയ്യുന്ന കൃത്യങ്ങൾ കണ്ടിട്ടുള്ളവക്കു ഇതു നിഷേധിക്കാൻ വയ്യ.

അവർ ചെയ്യുന്ന പ്രവൃത്തികൾ കാണുന്നതിന്നു എനിക്കു അവസരം ലഭിച്ചിട്ടുണ്ട്. അവർ ഒരു വിശിഷ്ടകൃത്യമാണ് ചെയ്യുന്നതെന്നു എനിക്കു ഉറപ്പുപറയാൻ കഴിയും.

ഈ രാജ്യത്തിലെ സൈനിക ശക്തികളുടെ നായകനെന്ന നിലയിൽ, ഈ മഹിളകൾക്കു അവർ ചെയ്യുന്ന ഈ കൃത്യങ്ങൾക്കു എൻെറ ഏററവും ആത്മാത്ഥമായ കൃതജ്ഞത പ്രകാശിപ്പിക്കുന്നതിന്നു ആഗ്രഹിക്കുന്നു.

—ഇന്ത്യയിലെ സവ്വ സൈന്യാധിപൻ, ജനറൽ സർ ആക്കിൻ ലക്ക്
1944 ഡിസെമ്പർ 13-ാം തിയ്യതി പത്രപ്രതിനിധികളുടെ സമ്മേളനത്തിൽ.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1944 ഡിസെമ്പർ 22-ാംനു, വെള്ളിയാഴ്ച


## ഭാവിയിലേയ്ക്കു് ഒരു നോട്ടം

"മനുഷ്യദൃഷ്ടികൾക്കെത്താവുന്നത്രത്തോളം" ഭാവിയിലേയ്ക്കു് നോക്കിക്കൊണ്ടു മഹാകവി ടെന്നിസൺ എഴുതുകയുണ്ടായി. വാസ്തവത്തിൽ ആധുനിക ചരിത്രം, ചെറുതും വലുതുമായ വിമർശകന്മാരുടെ അഭിപ്രായങ്ങൾ, ഭൂപടം, പുസ്തകങ്ങൾ,—ഇവയുടെയെല്ലാം സഹായമുണ്ടായാൽക്കൂടി മനോദൃഷ്ടിയ്ക്കു് വളരെയധികം ദൃശ്യമാവുന്നതല്ല. എന്നാൽ ദീർഘദർശികളായ കവികളെ ഇതിൽനിന്നു ഒഴിവാക്കേണ്ടതാണു്. സാധാരണ ഒരാൾ സംഭവങ്ങളുടെ ഗതിവികാസങ്ങളെ വേണ്ടത്ര ശ്രദ്ധിച്ചു മനസ്സിലാക്കി മതിപ്പു കല്പിക്കുന്നില്ല.

അവസാനിക്കാൻപോവുന്ന ഇക്കൊല്ലം, സവിശേഷങ്ങളായ നേട്ടങ്ങൾ നല്കിയ ഒന്നാണു്. യുദ്ധസംരംഭങ്ങളെ നയിച്ച അവർ, അതായതു, ചർച്ചിൽ, റൂസ്‌വെൽട്ടു്, സ്റ്റാലിൻ, ചിയാങ്ങ് കൈഷേക് എന്നീ ചതുർമൂർത്തികൾ കൂടെ, നമ്മെപ്പോലെത്തന്നെ, ഇത്രയധികം പ്രതീക്ഷിച്ചിരിക്കയില്ല. ഒരു കൊല്ലത്തിന്നു മുമ്പു, 1944 ൽ ഇത്രയധികം ചെയ്തു തീർക്കാമെന്നു എത്ര പേർ വിചാരിച്ചിരിക്കും ?

ജർമ്മനിക്കും ജപ്പാന്നും, അവർക്കിനിമേലിൽ ഭേദപ്പെടാത്തവിധത്തിലുള്ള കുലുക്കം തട്ടിയിരിക്കുന്നു. ജർമ്മനിയെ ഒരു മൂലയ്ക്കിലൊതുക്കിക്കഴിഞ്ഞു. പരാജയത്തിന്റെ കാലദൈർഘ്യത്തെപ്പറ്റി മാത്രമെ അറിയേണ്ടതുള്ളൂവെന്നു ജർമ്മൻവക്താക്കൾ തന്നെ പറയാൻ തുടങ്ങിയിരിക്കുന്നു. ജപ്പാനും തഥൈവ.

### ഐതിഹ്യത്തേക്കാൾ ആശ്ചര്യകരം

ഒരു കൊല്ലത്തിന്നു മുമ്പു ജപ്പാൻ ഈ രാജ്യത്തെ ആപത്തിലകപ്പെടുത്തിയിരുന്നു. തങ്ങളുടെ യൂറോപ്യൻ കോട്ട അപ്രതിഹതവും അഭേദ്യവുമാണെന്നു് ഒരു സംവത്സരം മുമ്പു ജർമ്മനി പൊങ്ങച്ചം പറഞ്ഞു നടന്നു.

ഇന്നു ജർമ്മനാധിപത്യത്തിലുള്ള രാഷ്ട്രങ്ങളിൽ പാതിയും സ്വതന്ത്രമാക്കപ്പെട്ടു. പൌരസ്ത്യ ദേശത്തിലാകട്ടെ, ബർമ്മയുടെ മൂന്നിലൊരു ഭാഗം തിരിച്ചുപിടിച്ചു. മാത്രമല്ല, സഖ്യസേനകൾ, ബർമ്മയിലൂടെയോ, മലയ മുതൽ ആസ്ത്രേല്യ വരെ നീണ്ടു കിടക്കുന്ന ദ്വീപു സമൂഹങ്ങളിൽ വെച്ചോ, ജപ്പാന്നെതിരായ ഒരു ഭയങ്കര ആക്രമണത്തിന്നു കോപ്പു കൂട്ടിക്കൊണ്ടിരിക്കുന്നു.

ഇതിലെല്ലാം വെച്ചു അത്യാശ്ചര്യജനകമായിരിക്കുന്ന ഒരു സംഗതിയാണു്, വളരെ കാലമായിട്ടു ഹിററ്ലർ മിണ്ടിയിട്ടേ ഇല്ലെന്നതു്! ആവേശകരവും ചിലമ്പിച്ചതുമായ ആ ശബ്ദം കേൾക്കാനേയില്ല. യുദ്ധം ആരംഭിച്ച ഈ പ്രധാന കുററവാളിയെപ്പററി കിംവദന്തികളും രഹസ്യവർത്തമാനങ്ങളും പ്രചരിച്ചുവരുന്നു. ഇക്കഴിഞ്ഞ 12 മാസത്തിന്നുള്ളിൽ ഈ സംഗതികളെല്ലാം വന്നുചേരുമെന്നു ആരോർത്തിരുന്നു ?

യുദ്ധകാലത്തും സമാധാന കാലത്തും ഒരുപോലെ ഉണ്ടാവുന്ന ഒന്നാണു് ഭൂമികുലുക്കം. എന്നാൽ ഈയിടെ ടോക്കിയോവിൽ ഉണ്ടായിവരുന്ന ഭൂകമ്പം ഒരു പുതിയ രീതിയിലുള്ളതും കൂടുതൽ വേഗത്തിൽ സംഭവിക്കുന്ന ഒന്നാണു്—ആകാശത്തുനിന്നു സൂപ്പർ ഫോർട്ടു് വിമാനങ്ങളിൽനിന്നു വീഴുന്ന ഭയങ്കര ബോമ്പുകൾ ഉണ്ടാക്കുന്ന ഭൂകമ്പം !

ഒരു കൊല്ലം മുമ്പു ഇന്ത്യയിൽ പ്രവേശിക്കാൻ സാദ്ധ്യമാണെന്നു ജാപ്പുകൾക്കു ദൃഢവിശ്വാസമുണ്ടായിരുന്നു. ഇന്നു അവയെല്ലാം തകർന്നു. മാത്രമല്ല ജപ്പാൻ പേടിച്ചു പിറകുന്നു. ഈ കാര്യം സാധിച്ചതിന്നു നാലു വങ്കരകളിൽനിന്നുമായി രൂപീകൃതമായ ആ സേനകളുടെ വീര്യപരാക്രമങ്ങൾക്കു നാം നന്ദിയുള്ളവരായിരിക്കണം. അതേ, ഇന്നു ജപ്പാൻകാർ അവരുടെ രാജ്യരക്ഷയെപ്പററി തലചൊറിഞ്ഞിരുന്നു് ആലോചിക്കുകയാണു്.



### വിജയം യാദൃശ്ചികമല്ല

സഖ്യശക്തികളുടെ ഈ വിജയത്തിൽ വിധിക്കു അത്രയധികം പങ്കൊന്നുമില്ല. കഠിനസമരം, ത്യാഗങ്ങൾ, പരിശീലനം സിദ്ധിച്ച സേനകളെ ഉപയോഗിക്കൽ, യോജിപ്പോടെയുള്ള പ്രവർത്തനം,—ഇവമൂലമാണു് വിജയങ്ങൾ കരഗതമായിട്ടുള്ളതു്.

വരുന്നതുവരട്ടെ എന്നുള്ള പഴഞ്ചനഭിപ്രായം വിധിവിശ്വാസമാണു്. യുദ്ധാവശ്യവും, പ്രായോഗികാവശ്യകതയും, "ലേസസ് ഫേർ" എന്ന പഴഞ്ചൻ സിദ്ധാന്തത്തെ വലിച്ചെറിയുന്നതിന്നു മനുഷ്യലോകത്തെ നിർബ്ബന്ധിച്ചു. വിജയങ്ങൾ യാദൃശ്ചികമായി വന്നുകൂടിയവയല്ല. അവ പ്രവർത്തനം മൂലം സാധിച്ചതത്രേ. ഈ വിജയസാദ്ധ്യതയ്ക്കുവേണ്ടി പ്രവർത്തിച്ച എല്ലാ ജനതകളുടെ വിദഗ്ദ്ധമായ അംഗീകാരത്തോടുകൂടി മാത്രമേ, ആ പ്രവർത്തനങ്ങൾക്കും സാദ്ധ്യമായതുള്ളൂ. ഇന്നും മുഖ്യമായ സംഗതി മുമ്പെത്തെപ്പോലെത്തന്നെ യോജിച്ച ഉദ്യമത്തോടെയും, ഊർജ്ജസ്വലതയോടെയും, മനുഷ്യ ശത്രുക്കളുടെ വിനാശം പരിപൂർണ്ണമാക്കുന്ന കൃത്യവും നാം നിർവ്വഹിക്കുകയും, അഭിമുഖീകരിക്കുകയും വേണം.

ഒച്ചപ്പാടില്ലാത്തതും, ഭോഗലോലുപവും, ജീർണ്ണിച്ചതുമായ ആ കാലങ്ങൾ, ഒരാൾക്കുള്ളപ്പോലെത്തന്നെ ലോകത്തിന്നും ചീത്തയാണു്; വ്യക്തിയ്ക്കും ലോകത്തിന്നും ഒരു ജീവിതത്തിന്റെ വെല്ലുവിളി ആവശ്യമാണു്. കഴിഞ്ഞ അഞ്ചു വർഷങ്ങളോളമായി ഈ വെല്ലുവിളി അക്രമികളായ സ്വേച്ഛാപ്രഭുക്കളിൽനിന്നാണു് മുഴങ്ങിയതു്. ഈ വെല്ലുവിളി ഇനിമേലിൽ വരാതവണ്ണം നാം സൂക്ഷിക്കണം. അതിന്നുള്ള കൃത്യം വളരെയധികം ത്വരിതപ്പെടുത്തുകയും വേണം. എന്നാൽ ചക്രവാളത്തിൽ വളരെ യധികം അകലെയല്ലാതെ, മനുഷ്യാത്മാവിനോടുള്ള മറെറാരു വെല്ലുവിളികൂടി രേഖപ്പെട്ടുകിടക്കുന്നു—സമാധാനപ്രശ്നം !

### അക്ഷീണസമരം

ഇവിടെ ഞങ്ങൾ മറെറാരു കവിയെക്കൂടെ അവതരിപ്പിക്കട്ടെ! അദ്ദേഹവും ഒരു ദീർഘദർശിയാണു് വൈയവസായിക വിപ്ലവത്തിന്റെ പുലർച്ചയിൽ ജീവിച്ച ഒരാളാണു് വില്യം ബ്ലേക്കു്. ജനങ്ങളിലുണ്ടായിരുന്ന ആലസ്യത്തെ അദ്ദേഹം അറുത്തു കളഞ്ഞു. ഇന്നദ്ദേഹം ഇന്ത്യയിലുണ്ടായിരുന്നുവെങ്കിൽ, ഇങ്ങിനെ പാടുമായിരുന്നു

"മാനസത്തിനാലെഴുന്ന പോരുനിർത്തുകില്ല ഞാൻ,
മാമകീയ പാണിയിങ്കൽ വിശ്രമിയ്ക്കയില്ലവാൾ."

ഇന്ത്യയിൽ ഇന്നു സംതൃപ്തികരമായി അഭിവൃദ്ധിപ്പെട്ടിരിക്കുന്ന സമാധാന വ്യവസ്ഥകളെപ്പററി ബ്ലേക്കിന്നു പ്രോത്സാഹനം തോന്നുമായിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ തട്ടുന്ന സംഗതി, ഈ പ്ലാനുകൾ വിജയിക്കുവാനുള്ള പരിശ്രമങ്ങളുടെ വൈപുല്യത്തെപ്പററിയും, വ്യാപ്തിയെപ്പററിയുമുള്ള ആലോചനകളായിരിക്കും. "നാസീകരിക്കപ്പെട്ട" ഒരു ഏകാധിപത്യ രാജ്യത്തു അതു സുസാധമായിരിക്കാം. അവിടെ ഒരു ശാസന പുറപ്പെടുന്നു. രാഷ്ട്രത്തിന്റെ അടിമകൾ അതു നിർവ്വഹിക്കുകയും വേണം. യുദ്ധത്തിന്നു മുമ്പു, ജർമ്മനിയും ജപ്പാനും സന്ദർശിച്ചവരെപ്പോലെ, മുകൾപ്പരപ്പിൽ പൊന്തിക്കിടക്കുന്ന അതിശയങ്ങൾ കണ്ടു് അദ്ദേഹത്തിന്നു നല്ല അഭിപ്രായം തോന്നുമായിരുന്നു. ഈ ദുഷ്പ്രഭുക്കളുടെ നേട്ടങ്ങളെ വളരെ ഉത്സാഹപൂർവ്വം അനുകൂലിച്ചവർക്കു അവരുടെ അബദ്ധം മനസ്സിലായിരിക്കുന്നു; അവർ അതു സമ്മതിച്ചുവരുന്നു. സ്വമേധയാ ഉള്ള സഹകരണത്തിന്റെ അടിസ്ഥാനപ്പെടുത്താത്ത ആവക ഉദ്യമങ്ങൾ എല്ലാം എളുപ്പത്തിൽ നശിച്ചുപോവുന്നതാണു്. ജർമ്മൻകാർ അവരുടെ രാഷ്ട്രത്തിൽ സമാധാനമുണ്ടാവണമെന്നല്ല വിചാരിച്ചതു്, അവർ രാജ്യത്തെ സമരസന്നദ്ധമാക്കുകയാണു് ചെയ്തതു്.

ഒരു ജനകീയവാദിയായിരിക്കുക, അതൊരു പ്രയാസമുള്ള കൃത്യമാണു്. അലസന്മാരേയും, അന്തമില്ലാത്തവരേയും, അശുഭപ്രതീക്ഷകന്മാരേയും, വിജയിക്കുക അത്ര സുസാധമല്ലതന്നെ.

### ഏററവും പ്രധാനമായ കൃത്യം

1945-ാം വർഷത്തിൽ ഇന്ത്യയ്ക്കു ചെയ്തു തീർക്കുന്നതിന്നുള്ള കൃത്യം ഇതാണു്. വേവൽപ്രഭു പറഞ്ഞുപോലെത്തന്നെ, രാഷ്ട്രങ്ങളുടെ

(ശേഷം 6-ാം പേജിൽ)

## ആഴ്ചക്കുറിപ്പുകൾ

### ബർമ്മയിൽ സിദ്ധിച്ച വിജയങ്ങൾ

ജനറൽ സ്ലിമിന്റെ നേതൃത്വത്തിലുള്ള 14-ാം പടയും, ജനറൽ സുൽത്താന്റെ നായകത്വത്തിലുള്ള സേനകളും തമ്മിൽ ഒന്നിച്ചു ചേർന്നിരിക്കുന്നുവെന്ന ഈ ആഴ്ചയിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതോടൊപ്പം തന്നെ വടക്കു ഭാഗത്തുള്ള അമേരിക്കൻ സേനകൾ, ഭാമോവിന്നു 65 നാഴിക അകലെ പൊരുതുന്ന 6-ാം ചൈനീസ് സേനയുടെ ഒന്നിച്ചുനിന്നു പൊരുതുന്നുവെന്നും അറിയപ്പെടുന്നു. ഇതേവരേ വിവിധ മാർഗ്ഗങ്ങളിലൂടെ എത്തിയിരുന്ന സേനകളെല്ലാം ഇപ്പോൾ യോജിച്ചിരിക്കുന്നു.

ബർമ്മയിലെ പുരോഗതിയും ഹങ്കറിയിലുള്ള റഷ്യൻ സേനകളുടെ സൈനികതന്ത്രവും തമ്മിൽ അടുത്ത സാമ്യമുള്ളതായി കാണാം. അങ്ങും, ഇങ്ങും, എവിടേയും, അവരുണ്ട്. ഇതു നല്ലൊരു സമരനയം തന്നെയാണ്. എവിടെ നിന്നാണ് അടുത്ത ആക്രമണം വരികയെന്ന ജപ്പാൻകാർക്കു തെല്ലും അറിഞ്ഞുകൂടാ. അജ്ഞാതമായ പല സൈനികസൂത്രങ്ങളും ഇപ്പോൾ എടുത്തു പ്രയോഗിക്കാവുന്നതാണ്. യു. എസ്. സേനകൾക്കും ചീനപ്പട്ടാളങ്ങൾക്കു കിഴക്കോട്ടോ, പടിഞ്ഞാട്ടോ, ആക്രമണം നടത്താം. കിഴക്കു ഭാഗത്തു, ബർമ്മ റോഡിലേയ്ക്കുള്ള ഒരു പ്രധാനനഗരമായ ലീഹിയുണ്ട്. പടിഞ്ഞാറു ഭാഗത്താണെങ്കിൽ ഐരാവതിനദിയും, മാണ്ഡലി നഗരവും കിടക്കുന്നു. എന്തായാലും, ഉപരിബർമ്മയിയുടെ മദ്ധ്യപ്രദേശത്തുള്ള ജാപ്പുകൾക്കു ഇരിക്കപ്പൊറുതിയില്ലാതായി. നാനാവശങ്ങളിൽനിന്നുമായി സേനകൾ അവർക്കെതിരായി ആക്രമണം ആരംഭിക്കുന്നു. ബർമ്മയിലെ പടിഞ്ഞാറൻ രംഗത്തെപ്പറ്റി—ആറക്കാൻ മുനയെപ്പററിയും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ബുത്തിഡാങ്ങ് കൈപ്പററിക്കഴിഞ്ഞു; വെസ്റ്റ് ആഫ്രിക്കക്കാർ കിഴക്കോട്ടു വളരെ നാഴികയോളം മുന്നോട്ടു കയറിയിരിക്കുന്നു. ബർമ്മ രംഗത്തിലെ ഒരു വശം മാത്രമാണിതു്.

### ഫിലിപ്പൈനിൽ പടയിറക്കം—മനിലയ്ക്കുവേണ്ടിയുള്ള ശ്രമം


ഫിലിപ്പൈനിന്റെ തലസ്ഥാനമായ മനിലയ്ക്കു അടുത്തായി കിടക്കുന്ന മിൻഡോർദ്വീപ് സഖ്യശക്തികൾക്കു പസഫിക്കിൽ സിദ്ധിച്ച മറെറാരു പ്രശസ്ത വിജയരംഗമായി. ആദ്യമായി അമേരിക്കൻ പടകളിറങ്ങിയ ലെയിററ് ദ്വീപിൽനിന്നു മിൻഡോറിലേയ്ക്കു 400 നാഴികയെ ഉള്ളു, മനിലയിലേക്കു 130 നാഴികയും. മനിലമേൽ ബോംബാക്രമണം നടത്തുന്നതിന്നു എളുപ്പത്തിൽ ഈയിടെ കയ്യടക്കപ്പെട്ടത്തിയ വിമാനത്താവളങ്ങളിൽനിന്നു എളുപ്പവുമാണ്. ജനറൽ മക്ആർതർ കൊറിഡിഗോറിന്നടുത്തുവരാൻ തുടങ്ങിയിരിക്കുന്നു. ലെയിററിൽ, ഓർമ്മാക്കിൽ ജാപ്പു ഭടന്മാർ മൃതരായിക്കിടക്കുന്നു. ജപ്പാൻകാർ കിഴടങ്ങുന്നതിനേക്കാളധികം മരിക്കുവാനാണ് ഇഷ്ടപ്പെടുന്നതു എന്നു ഡിസെമ്പർ 13-ാംനു ഒരു ആസ്ത്രേലിയൻ സൈനിക ഉദ്യോഗസ്ഥൻ പ്രസ്താവിക്കുകയുണ്ടായി. എന്തു കാരണത്തിന്നു വേണ്ടിയായാലും ജപ്പാൻകാർ വളരെയധികം മരണമടയുന്നുണ്ട്. ലെയിററിൽ സഖ്യസേനകളിറങ്ങിയതിന്നുശേഷം 82,554 ജാപ്പുകൾ മരണമടഞ്ഞു. തടവുകാരാക്കിപ്പിടിക്കപ്പെട്ടവർ 263 പേർ മാത്രമാണ്. സഖ്യസേനകൾക്കു പററിയ ചേതം കൊല്ലപ്പെട്ട 2,176 പേരും, മുറിവേല്പ്പിക്കപ്പെട്ട 7,967 പേരും, കാണാതായ 257 പേരുമാണ്. മിൻഡോറിലെ പടയിറക്കം മൂലം സഖ്യസേനകൾക്കു പുതിയ ഗുണങ്ങൾ കൈവരുന്നുണ്ട്. അവിടെനിന്നു സൌത്ത് ചൈനക്കടലിൽ കിടക്കുന്ന ജാപ്പു കപ്പലുകളെ ബോംബിട്ടു തവിടുപൊടിയാക്കാൻ സാധിക്കുന്നതാണ്. 7[illegible]0 നാഴിക ദൂരത്തു മാത്രമാണ് ഹോങ്കോങ്ങ് സ്ഥിതിചെയ്യുന്നതു്. ജപ്പാന്റെ നാവികസേന ക്ഷയിച്ചു തുടങ്ങിയിരിക്കുന്നു; പ്രത്യേകിച്ചും വിമാനവാഹിനിക്കപ്പലുകൾ ജപ്പാന്നു വളരെ കുറവാണ്.


ഈ പടയിറക്കം ചൈനയ്ക്കും സന്തോഷപ്രദമായ ഒരു വാർത്തയാണ്. ചുങ്കിങ്ങിലേയ്ക്കു മുന്നോട്ടു കയറുവാനുള്ള ജാപ്പു ശ്രമത്തെ പരാജയപ്പെടുത്തിക്കഴിഞ്ഞു. ബ്രിട്ടീഷ് കപ്പൽപ്പടയും, ജാപ്പുകളെ കടലിൽ നിന്നു ആട്ടിയോടിക്കുന്ന കൃത്യത്തിൽ ജാഗ്രതയോടു പ്രവർത്തിച്ചുവരുന്നു. ഇപ്രാവശ്യവും, മിൻഡോറിൽ ഉണ്ടായ പുതിയ പടയിറക്കത്തിൽ, അമേരിക്കൻ സേനയോടൊപ്പം ആസ്ത്രേല്യൻ പട്ടാളവും ഉണ്ട്.

### ഫെയൻസി കൈവശപ്പെടുത്തി

ഇററലിയിൽ, ബൊലോണയിലേയ്ക്കുള്ള ഒരിടത്താവളമായ ഫെൻസി പിടിച്ചു പററുന്ന എന്ന കൃത്യം നിർവ്വഹിച്ചതു് ന്യൂസിലണ്ടു പട്ടാളമാണ്. ഇററലിയിൽ പൊരുതിവരുന്ന വിവിധ ജനവിഭാഗങ്ങളെപ്പററിയെല്ലാം ശരിയായി കണക്കെടുത്തിട്ടില്ലെങ്കിലും, ബെസിലിയൻസ്, ഇന്ത്യക്കാർ, പോളണ്ടുകാർ, ബ്രിട്ടീഷുകാർ, ഇങ്ങിനെ പല രാജ്യക്കാരും ഈ രംഗത്തിൽ പൊരുതുന്നുണ്ട്. ഒരു പ്രക്ഷേപണ പ്രാസംഗികൻ പ്രസ്താവിക്കുകയുണ്ടായി: പിക്കാസും, കയ്ക്കോട്ടുമാണ് വിജയത്തിന്നുള്ള സാദ്ധ്യത വരുത്തിയതെന്നും, അവർ ചെയ്ത സേവനം ചെറുതല്ലെന്നും.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




ഇന്ത്യക്കാരായ സാപ്പേഴ്സിനേയും മൈനേഴ്സിനേയും പററിയാണ് ഈ പ്രസ്താവന എന്നു പ്രത്യേകം എടുത്തു പറയേണ്ടതില്ല. കാലാവസ്ഥ മഞ്ഞുള്ളതാണെന്നു പറയപ്പെടുന്നു അതായതു്, ഇററലിയിലെ കാലാവസ്ഥ കാശ്മീരിലേതുപോലെയാണ്. ഫേൻസി പിടിച്ചതുമൂലം 3പാ താഴ്വരയിലുള്ള ജർമ്മൻ സ്ഥാനങ്ങളിലേക്കു ഗതിയിൽ പാതിയും ജയിച്ചുവെന്നു പറയാം. ഇതുവരേയും പർവ്വതനിരകളിൽ ജർമ്മൻകാർ ദൃഢമായി സ്ഥാനമുറപ്പിച്ചിരുന്നു. ഈ സ്ഥലങ്ങളെല്ലാം അധീനപ്പെടുത്തിക്കഴിഞ്ഞു. ഇനി ശരിക്കുനിന്നു പൊരുതുകയെ നിവർത്തിയുള്ളു. കാടുകളിൽ കയറിയ ജർമ്മൻകാരെ സഖ്യസേനകൾ തുരത്തി വെളിയിൽച്ചാടിച്ചു. മൈതാനപ്രദേശങ്ങളിലും അവർ വളരെ കേമമായ പോർവീരതയൊന്നും പ്രദർശിപ്പിക്കാനിടയില്ല.

### ആസ്ത്രിയയിലേക്കുള്ള പോക്കു്

ബുഡാപെസ്റ്റ് ഇനിയും റഷ്യക്കാരുടെ കൈവശം വന്നുചേർന്നിട്ടില്ല. അവർക്കു അതിന്നത്ര ധൃതിയുമില്ല. നഗരത്തെ വളയുകയും, അങ്ങിനെ ജർമ്മൻസേനകളെ ഒററപ്പെടുത്തുകയുമാണ് അവരുടെ ആവശ്യം. ഈ ഗതിയിൽ അവർ വിയന്നയേയും സമീപിക്കുന്നതിന്നുള്ള പരിശ്രമങ്ങൾ ചെയ്യുതുടങ്ങിയിട്ടുണ്ട്. ആസ്ത്രിയക്കാർ ഉൽബുദ്ധരായെഴുന്നേററു ശത്രുവിനോടെതിരിടുന്നതിന്നും, അങ്ങിനെ റഷ്യൻസേനകളെ സഹായിക്കുന്നതിന്നും ഉള്ള ഒരാഹ്വാനം, മോസ്കോവിൽനിന്നു താമസിയാതെ കേൾക്കാനിടയുണ്ട്. ജർമ്മൻ ഭാഷതന്നെയാണ് സംസാരിക്കുന്നതെങ്കിലും, ആസ്ത്രിയക്കാർക്കു് നാസിയുടെയൊ പ്രഷ്യൻപ്രഭുവിന്റെയൊ മനോഭാവമില്ല. വിയന്നക്കാർ സംസ്കൃതചിത്തരും, സൽഗുണമുള്ളവരുമായ ജർമ്മൻകാരത്രെ. ചീത്തഭരണരീതിയും, അഭിപ്രായവ്യത്യാസങ്ങളും കാരണം, അവർക്കു് വിഷമങ്ങൾ നേരിട്ടിട്ടുണ്ട്. സമയം സമാഗതമാകുമ്പോൾ, റഷ്യക്കാരുടെ ആഹ്വാനത്തെ അനുകൂലിച്ചുകൊണ്ടു ആസ്ത്രിയക്കാർ പൊരുതുമെന്നതു തീർച്ചയാണ്.

### പടിഞ്ഞാറൻ രംഗത്തിൽ റണ്ട്സ്റ്റെഡിന്റെ 'അവസാനത്തെ കൈ'

ഏതായാലും ജർമ്മൻകാർ പുറത്തുവന്നു എന്തെങ്കിലും ചെയ്യാതിരിക്കാൻ നിവൃത്തിയില്ല എന്നു എല്ലാവർക്കും അറിയാമായിരുന്നു. അതു് ആരംഭിച്ചുകഴിഞ്ഞു. "അവസാനത്തെ ശ്രമത്തിൽ നിങ്ങൾ എന്തും ചെയ്യുക" എന്നാണ് ഫീൽഡ് മാർഷൻ റണ്ട്സ്റ്റെഡ് ഉത്തരവു കൊടുത്തിരിക്കുന്നതു്. വി. ആയുധങ്ങളും, ഗോബൽസിന്റെ ചിലമ്പിച്ച പുലമ്പലുകളും, വളരെയെല്ലാം പ്രയോഗിച്ച ശേഷവും, ജർമ്മൻസേനകളിൽ ആ പഴയ ഉന്മാദബുദ്ധി കാണുന്നില്ല. പാരച്യൂട്ട് ഭടന്മാരെക്കൂടി പോർമുന്നിലേക്കു വലിച്ചെറിഞ്ഞിരിക്കുന്നു. ഇതു് കാണിക്കുന്നതു് ജർമ്മൻ സേനയിൽ ആൾദൌർല്ലഭ്യം ധാരാളമുണ്ടെന്നുള്ളതാണ്.

ആദ്യത്തെ ആ പടയെടുപ്പിൽ ശത്രു അല്പം മുന്നോട്ടു കയറിയെന്നുവരാം. പ്രത്യേകിച്ചും കുന്നുകൾ തിങ്ങിയ ഒരു നാട്ടിൽ. ഐസൻഹോവർ സംഭരിച്ചുവെച്ചിട്ടുള്ളതും, മേലിൽ കൊണ്ടുവരുന്നതുമായ ആയുധസാമഗ്രികൾക്കും, ഒന്നാം യു. എസ്സ്. സേനയുടെ ടാങ്കുകൾക്കും എതിരായി എങ്ങിനെയാണ് ജർമ്മൻകാർ പോരാടുകയെന്നു നമുക്കു കണ്ടറിയേണ്ടിയിരിക്കുന്നു. ജർമ്മൻകാരുടെ വ്യവസായിക നഗരങ്ങൾ, റയിൽപ്പാതകൾ, തുടങ്ങിയവ ബോംബിട്ടു താറുമാറാക്കിയിരിക്കുന്നു. ബാക്കിയുള്ളവ ഇപ്പോഴും ബോംബുവർഷത്തിന്നിരയായിരിക്കുകയാണ്. സാർ പ്രദേശത്തു സഖ്യസേനകൾ മുന്നോട്ടു കയറിയിരിക്കുന്നു. 7-ാം യു. എസ്സ്. സേന പത്തു നാൾക്കുള്ളിൽ 305 ജർമ്മൻ പിൻബോക്സുകൾ ഉപയോഗശൂന്യമാക്കി. നമുക്കു ആയുധസാമഗ്രികളും ആളുകളും ശത്രുവിനെ അപേക്ഷിച്ചു എത്രമാത്രം അധികമാണെന്നു ഇന്നു് തെളിയിക്കുന്നുണ്ട്.

### സഹകരണപ്രസ്ഥാനത്തിന്റെ ശതവാർഷികദിനം

വ്യാഴാഴ്ച ലോകത്തിലെ ലക്ഷക്കണക്കിലുള്ള ജനതകൾ സഹകരണ പ്രസ്ഥാനത്തിന്റെ ശതവാർഷികദിനം ആഘോഷിക്കുന്നതായിരിക്കും. ഈ സഹകരണപ്രസ്ഥാനത്തിന്റെ ഉത്ഭവം വളരെ രസകരമായ ഒന്നാണ്. 1884 ൽ ലങ്കാഷെയറിലെ പാവപ്പെട്ട 28 നെയ്ത്തുകാരാണ് ആദ്യമായി സഹകരണ പ്രസ്ഥാനത്തെ തുടങ്ങിവെച്ചതു്; അവർ അന്നു 'റോക്ക്ഡേൽ ഷോപ്പ്' ഏർപ്പെടുത്തി. ലോകത്തിലെ ആദ്യത്തെ കോപ്പറേററീവ് സ്റ്റോർ അതാണ്. ഇത്ര എളിയ രീതിയിൽ ആരംഭിക്കപ്പെട്ട ഈ പ്രസ്ഥാനം ഇന്നു ലോകമെങ്ങും വ്യാപിച്ചിരിക്കുന്നു. ഇന്നു് ലോകത്തിലൊട്ടാകെ സഹകരണസംഘങ്ങളിൽ 1,500 ലക്ഷം അംഗങ്ങളായി ജനങ്ങളുണ്ട്; ഇതിൽ 800 ലക്ഷം പേർ റഷ്യയിലാണ്. ബ്രിട്ടനിൽ സഹകരണരീതിയിൽ വമ്പിച്ച വ്യാപാര സംഘങ്ങൾകൂടെ നടന്നു വരുന്നു; ബ്രിട്ടീഷ് ജനതയിൽ 60 ശതമാനം പേർ കോപ്പറേററീവ് സംഘത്തിലെ അംഗങ്ങളാണ്. ഇന്ത്യയിലും ഈ പ്രസ്ഥാനത്തിന്റെ വികസനത്തിന്നുള്ള സാദ്ധ്യതകളുണ്ട്. യുദ്ധാനന്തര പുനർന്നിർമ്മാണത്തെ സംബന്ധിച്ച പല പദ്ധതികളും സഹകരണ സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമായിരിക്കും.

സമരഗാനം നമ്പർ 2.

# കാഹളം മുഴക്കുവിൻ!

(കെ. ജി സേതുനാഥ്.)

[ശ്രീ കെ. ജി. സേതുനാഥിൻെറ ഈ സമരഗാനം നമ്മുടെ യോദ്ധാക്കളുടെ സിരകളെ തീക്ഷ്ണമാക്കുന്നതിന്നു പ്രാപ്തമാണ്. ലളിതകോമളമായ രചന, ആവേശോദ്വേഗകമായ അൎത്ഥപുഷ്ടി, സൎവ്വോപരി ആശയസംപുഷ്ടമായ ഒരുടർവിളി,—ഈ സവിശേഷ ഗുണങ്ങൾ ഈ സമരഗീതത്തിൽ സൎവ്വത്ര മുഴച്ചുകാണുന്നു. യുദ്ധകാല സാഹിത്യത്തിലെ ഒരു പ്രധാന വിഭാഗമാണ്, സമരഗാനപ്രസ്ഥാനം. നമ്മുടെ യുവകവികൾ ഈ സംഗതിയിൽ ശ്രദ്ധിച്ചുവരുന്നപക്ഷം അതു മലയാണ്മക്കുതന്നെ ഒരു മഹനീയ നേട്ടമായിരിക്കും. ശ്രീ സേതുനാഥിനെ പലരും ഇനിമേലിൽ അനുകരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഓരോ ആഴ്ചയിലും സാധാരണ പദ്യശകലങ്ങൾക്കു പുറമെ ഒരു ഗാനംകൂടി പ്രസിദ്ധീകരിക്കണമെന്നു ഞങ്ങൾക്കാശയുണ്ട്. ഈ രീതി കഴിഞ്ഞ ലക്കം മുതൽ ആരംഭിക്കുകയും ചെയ്തിരിക്കുന്നു. കവികളുടെയും ലേഖകന്മാരുടെയും കയ്യിലെ തൂലികകളും, നമ്മുടെ നട്ടിലെ ഭടന്മാരുടെ തോക്കുകളെപ്പോലെത്തന്നെ വിജയത്തിന്നു സഹായിക്കട്ടെ—യു. സ. പ.]

കാഹളം മുഴക്കുവിൻ; കലിതവേഗമുണരുവിൻ,
ആഹവത്തിലാത്മമാർത്ഥ്യമാന്ന്, നാം ജയിച്ചിടും!
അഭിനവങ്ങ, ളുപജയങ്ങ, ളരികളേററുവീഴവേ,
അഭിമുഖീകരം നമുക്കു വിജയമാണു; വിസ്മയം.
"പൃഥു"വിൻെറ നാട്ടുകാർ, പുണ്യമാന്ന് കൂട്ടുകാർ
ഭീരുതയ്ക്കു തവിയററ ഭാരതീയവീട്ടുകാർ,
കപടമില്ല നമ്മളിൽ, കഥനമില്ല നമ്മളിൽ
കരംനിറച്ചു കരുണയുണ്ടു, കവിതയുണ്ടു നമ്മളിൽ
കാഹളം മുഴക്കുവിൻ, കലിതവേഗമുണരുവിൻ
സാഹസങ്ങളിന്ത്യയെ'സഹാറ'യാക്കിയെങ്കിലോ?
ഹരിതഹേമസുന്ദരം ഭരിതഭാസ്വ ഭാരതം
വിരതവിലിത വിമലവിദ്യജനനിയാണനാരതം,
ഒരുവശം മഹീധരം, മറുവശം മനോഹരം-
അരികിലഴകിലലകളാൽ തലോടിടുന്ന സാഗരം
മണമെഴുന്ന മാരുതൻ, മധുവെഴുന്ന താരുകൾ
മധുരകവിത പാടിടുന്ന സരസ സലിലചോലകൾ.
ഇവിടെയല്ലി, നമ്മൾതൻ, ഇനിവെഴുന്ന സേവനം,
ഇവിടെയല്ലി? മാതൃമമത മലരിടുന്ന പൂവനം!
കാഹളം മുഴക്കുവിൻ, കടുനിണം പരത്തുവിൻ
മോഹതിമിരരൂക്ഷമാകു, മരികുലംമുടിക്കുവിൻ.
കൎമ്മധീരശോഭനം, ഭാരതം പുരാതനം
ധൎമ്മമാത്രജീവിയാണ്, ശൎമ്മദേ ജയിക്ക നീ,
സുഖദസുസ്മിതാസ്യയായ്; സുചിര സുന്ദരാഢ്യയായ്
സുഖമയോടു മാമകീയ മഹിതധാത്രി മിന്നിടും!!
കാഹളം മുഴക്കുവിൻ, കരളുണൎന്നുചെല്ലുവിൻ
ആഹവത്തിൻ 'വിജയലക്ഷ്മി' സ്വാഗതം പൊഴിച്ചിടും!!

(3-ാം പേജിൽനിന്നു തുടച്ച്)

കുടുംബത്തിൽ സമമായ ഒരു സ്ഥാനം നേടുന്നതിനുള്ള ഉപാധി, ഒരു ദേശത്തിന്നു എത്രമാത്രം ആത്മാൎത്ഥമായ ദേശീയവീക്ഷണഗതിയുണ്ടോ എന്നതാണ്. ജനകീയമനോഭാവമെന്നുവെച്ചാൽ, അയൽപക്കക്കാരനെ നമ്മുടെ കൂട്ടുകാരനായ ഒരു ഭാരതീയൻ എന്ന നിലയ്ക്കു കരുതുകയാണ്. ആയാൾ ഏതു ജാതിയിൽപ്പെട്ടതാണെന്നു ആരായേണ്ട ആവശ്യമില്ല. നമുക്കു അന്യോന്യ വിശ്വാസമുണ്ടായിരിക്കണം. ഒരു സൈന്യാധിപനു സ്വന്തഭടന്മാരിലും, ഭടന്മാൎക്കു അദ്ദേഹത്തിലും ഉള്ള പോലെയുള്ള വിശ്വാസം നമുക്കും ഉണ്ടായിരിക്കണം. കാരണം അവരുടെ ലക്ഷ്യം ഒന്നാണ്. ബന്ധം അധിഷ്ഠിതമാക്കിയിട്ടുള്ളതു് ആത്മീയസൌഹൃദത്തിന്മേലാണ്. അങ്ങിനെയൊരു മനോഭാവത്തോടുകൂടി വേണം നാമെല്ലാവരും 1945 നെ സ്വാഗതം ചെയ്വാൻ.

പ്രതാപത്തിന്നും, പ്രമാണിത്തത്തിന്നും വേണ്ടി ലഹളക്കൂട്ടുകയും ശണ്ഠകൂടുകയും ചെയ്തിരുന്നെങ്കിൽ ബൎമ്മയിലും, ഇററലിയിലും, പാശ്ചാത്യരംഗത്തിലും പൊരുതുന്ന സേനകൾ ഈ വൎഷത്തിൽ വിജയ ലബ്ധരാകുമായിരുന്നോ? മറുപടി വ്യക്തമാണ്.

സമാധാനകാലത്തെ ദേശീയാഭിവൃദ്ധിയുടെ വിജയങ്ങളും ഇതേ മാതിരി കൈവരുന്നതാണ്. 1945 ലെ ഉന്നം ഐക്യമെന്നതായിരിക്കട്ടെ.

# "എൻെറ വീട മുങ്ങിപ്പോയി"

[ഇതു ഒരു ചൈനീസ് കഥയാണ്. ഏഴു കൊല്ലമായുള്ള സമരത്തിന്നുശേഷവും ചൈനയുടെ ആത്മാവിന്ന ക്ഷതംവന്നിട്ടില്ല. ദുരിതങ്ങൾ, ദുരദൃഷ്ടങ്ങൾ, നഷ്ടകഷ്ടങ്ങൾ, ഇങ്ങിനെ വളരെയധികം വിഷമതങ്ങൾക്ക് ചൈനക്കാർ പാത്രീഭൂതരായി. അവ വിസ്തരിക്കാൻമേലാത്തത്ര കട്ടത്തതും ശോചനീയവുമാണ്. യുദ്ധം മൂലം നാട്ടും വീട്ടും വിടേണ്ടിവന്ന ഒരു നഗരവാസികളുടെ ദുരിതങ്ങളുടെ ഒരു ചെറിയവശം മാത്രമേ ഇതിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ളൂ. അതു തന്നെ മതി നമുക്കു ജാപ്പു ഹൃദയത്തിൻെറ മരവിപ്പും കാഠിന്യവും മനസ്സിലാക്കുന്നതിന്ന്.'' യു. സ. പ.]

വിദൂരതയിൽനിന്നു വീക്ഷിച്ചാൽ, ചുററു ഭാഗവും ചുവരുള്ള ടുവാൻഫങ്ങ് നഗരം, അനന്തമായ സമുദ്രത്തിൽ പൊന്തിക്കിടക്കുന്ന ഒരു തോണിയാണെന്നു തോന്നും. ആ നഗരത്തിൻെറ നാലുപുറവും വെള്ളമാണ്. വടക്കുനിന്നു നഗരത്തിലേയ്ക്കുള്ള പ്രവേശനമാർഗ്ഗങ്ങളിൽ മാത്രമാണ് ആ പാതിയും മുങ്ങിയ മേല്പുരകളും, മരത്തലപ്പുകളും—ചിലപ്പോൾ, മൃതദേഹങ്ങളുടെ ഒരു കഷ്ണം മുകൾപ്പരപ്പിലേക്കു പൊന്തിവരും. അവയോരോന്നും നിരവധി മനുഷ്യദുരിതങ്ങളുടെ കഥകളും വഹിച്ചുകൊണ്ടാണു പൊന്തിവരുന്നത്. നരച്ച മേഘങ്ങൾ പ്രഭാതാകാശത്തിൽ തിങ്ങിക്കൂടിയിരിക്കുന്നു; വിദൂരമായ ചക്രവാളം ജലപ്രവാഹത്തിൽനിന്നാൽ ദൃശ്യമല്ല. അവ്യക്തമെങ്കിലും, കർക്കശമായ വെടികൾ വായുവിലൂടെ അപ്പോഴും കേൾക്കാനുണ്ട്. വേദനാജനകമായ ഒരു സ്മരണയിൽനിന്നു സമുത്ഭവിക്കുന്ന ഒരു ശബ്ദമായിരിക്കാം ഒരു പക്ഷെ അത്. എങ്കിലും, അതും മതി ഒരാളെ ഞെട്ടിക്കുന്നതിന്ന്.

യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ രണഭൂമി കാണുന്നത് അത്ര വിഷമമല്ല. അതു അവസാനിച്ചശേഷമാണ് ഭയാനകതകളെല്ലാം പ്രത്യക്ഷമാവുന്നത്. അവർണ്ണനീയമായ ദുരദൃഷ്ടം വന്നു കൂടിയ നിസ്സഹായരായ നൂറുനൂറു ജനങ്ങളതാ ഈ പ്ലാററുഫോറത്തിൽ കിടക്കുന്നു. പടിഞ്ഞാട്ടുള്ള തീവണ്ടിയും കാത്തിട്ടാണ് അവർ കിടക്കുന്നത്, എവിടേയ്ക്കാണ് എന്നവർക്കറിഞ്ഞു. ഈ വൃദ്ധന്മാരും വൃദ്ധകളും റയിൽപ്പാതയ്ക്കരികിലും, പ്ലാററുഫോറത്തിന്മേലും, പല തരത്തിലും കിടന്നു വിശ്രമിക്കുന്ന അവരുടെ മക്കളും, ഭർത്താക്കന്മാരും, ഗറില്ലാസംഘത്തിൽ ചേർന്ന് ഏതോ മലനിരകളിൽ ഒളിച്ചുനടക്കുകയാണ്; അല്ലാത്ത പക്ഷം ജനകീയ സേനയിലായിരിക്കാം. തങ്ങളുടെ രക്ഷയ്ക്കു വേണ്ടി പുരുഷന്മാർ പണി ചെയ്യു ചിററിങ്ങ് നദിയിലെ പാലം പൊളിച്ചുകളയുന്നതിന്നു ജപ്പാനീസ് സാമ്രാജ്യ സേന ഒരുമ്പെടുന്നുണ്ടെന്ന് ഒരു കിംവദന്തി പരന്നുകേൾക്കാറുണ്ട്. "കവച്ചക്കാരായ ഗറില്ലകളുടെ കുടുംബങ്ങളെ ശിക്ഷിക്കണം;" അതിന്നുശേഷം ദയനീയമായ ആ രാത്രി വന്നു; മണിയുടെ ശബ്ദങ്ങൾ; സ്ത്രീകളുടേയും കുട്ടികളുടെയും ആർത്തസ്വരങ്ങൾ; കല്ലും ചരലും മണ്ണു മെടുത്തു തണ്ടും തടിയുമുള്ള ചെറുപ്പക്കാർ പാലത്തിൻെറ വിടവ് അടക്കുവാൻ നോക്കി; അവരുടെ സ്ത്രീകൾ കുട്ടികളേയും, കോഴിക്കുഞ്ഞുങ്ങളേയും, മററു അവശ്യപദാർത്ഥങ്ങളുമെടുത്തു ഓടിപ്പോയി. ഇന്ന് അവർ ഓടിയതിൻെറ മൂന്നാം ദിവസമാണ്. കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ വളരെയധികം കരച്ചിലുണ്ടായിരുന്നു; ഭക്ഷണത്തിന്നും വണ്ടി കിട്ടുന്നതിന്നും, വെള്ളപ്പൊക്കംവന്ന വീടുകളിലുള്ളവരെപ്പററിയുള്ള വർത്തമാനങ്ങൾ അറിയുന്നതിന്നും വേണ്ടി വളരെയധികം പേർ നിലവിളിച്ചു; കുട്ടികൾ അവരുടെ അച്ഛനെ കാണണമെന്നു പറഞ്ഞു; വൃദ്ധന്മാർ വിധിയെ പഴിച്ചു—ഇപ്പോൾ അവരതിന്നൊന്നും ഭാവമില്ല; അവരുടെ ശോച്യാവസ്ഥയെപ്പററി അവർ അത്രയൊന്നും കരുതുന്നില്ല, കാരണം, അവർ ശാരീരികമായി അത്ര മാത്രം തളന്നിരിക്കുന്നു.

അവരുടെ നഗ്നമായ ചുമലുകളിൽ വെളുത്ത, ചാക്കുകളും ചുമന്നു പോകുന്നവരെ വളരെയധികം ആളുകൾ പിന്തുടർന്നു. ജനങ്ങൾ എത്തിവലിഞ്ഞു അവരുടെ പിന്നിൽനിന്നു. ഒരു മധ്യവയസ്സയായ സ്ത്രീ എല്ലു മുഴച്ചു നിൽക്കുന്ന കൈകൾ നീട്ടിക്കൊണ്ടു ഉൽക്കണ്ഠാപൂർവ്വം പറഞ്ഞു: "സർ, എൻെറ, കാഡ് പൊയ്പ്പോയി." അവളുടെ കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ധാർധാരയായി ഒഴുകി; മുമ്പുതന്നെ പാറിപ്പറിഞ്ഞ തലമുടി ഒട്ടിപ്പിടിച്ചു. ഒരു വഴ്സ്റ്റാൽപ്പുരമ്പിട്ടിരുന്ന ആ സ്ഥലത്തു പുരുഷന്മാർ നിന്നു. ചാക്കുകൾ തുറന്നു. ഗോതമ്പ്! ആളുകളൊക്കെ പാഞ്ഞു പാറനും അതിന്നടുത്തു തിങ്ങിയെത്തി.

"ഓരോ സംഘത്തിൻെറയും നേതാക്കന്മാരേ!" ദുരിതനിവാരണോദ്യോഗസ്ഥൻ വിളിച്ചു ചോദിച്ചു. അവർ യഥാവിധി വരിനിരന്നു നിന്നു. ഓരോ നേതാവിൻേറയും പിന്നിൽ, നിരവധി പേർ വിശപ്പുള്ള വായകൾ പൊളിച്ചു നില്പുണ്ടായിരുന്നു. "ഓരഞ്ചു് അഞ്ചു, ഈരഞ്ചു് പത്തു, മൂവഞ്ചു് . . . . ." ആർത്തി തിങ്ങുന്ന ആ ജന സമൂഹത്തിൻെറ കണ്ണുകൾ, ആ ധാന്യമളക്കുന്നവരുടെ കയ്യുകളിലേക്കും, അതു എണ്ണുന്ന ആ താടിയിലേക്കും പതിഞ്ഞു. എണ്ണുന്നതോടൊപ്പം താളത്തിന്നു അവരുടെ താടിയിളകിയിരുന്നു.

ഹുവാങ്ങ്അൻ എന്ന സ്ഥലത്തുനിന്നു വന്ന ഒരു സ്ത്രീക്കു അവളുടെ വിഹിതം കിട്ടി. കീറിപ്പറിഞ്ഞു തൻെറ തുണിയിൽ അവൾ അതു പൊതിഞ്ഞു. എന്നിട്ടു തന്നെത്താൻ ഇങ്ങിനെ പറഞ്ഞു. "ഞാൻ വളരെക്കാലമായി ജീവിച്ചുവരുന്നു; ഇത്ര കറത്ത ഹൃദയമുള്ള മനുഷ്യരെ ഞാൻ കണ്ടില്ല." അവൾ പിറുപിറുക്കുന്ന സമയത്തു, അവൾ ഉടുപ്പിലേക്കു കയ്യിട്ടു ഗോതമ്പു തൊട്ടു നോക്കുന്നു. ഒന്നെടുത്തു അവൾ വായിലിടുന്നു; അവളുടെ നെഞ്ഞിലുന്തി നില്ക്കുന്ന എല്ലുകൾ അവൾ ചവയ്ക്കുന്നതോടൊപ്പം, പൊങ്ങും താഴുകയും ചെയ്യുന്നു.

പേരെഴുതാത്ത ഒരു ശ്മശാനത്തിന്നരികിലായി ഒരു യുവതി ഇരിക്കുന്നു. അവൾ കൈത്തണ്ടയിൽ കിടക്കുന്ന കുഞ്ഞിന്നു മുല കൊടുക്കുകയാണ്. അയഞ്ഞു തൂങ്ങിക്കിടക്കുന്ന അവളുടെ മുലകൾ കുട്ടി വലിച്ചുപിടിച്ചു, പാലില്ലാത്ത മുലക്കണ്ണുകളുടെ നേർക്കു അതിൻെറ തലയടുപ്പിച്ചിരിക്കുന്നു. അമ്മയ്ക്കു ഇരുപതിലധികം പ്രായമായിട്ടില്ല; എങ്കിലും അവളുടെ കണ്ണുകളിൽ യാതൊരു ചൈതന്യവുമില്ല. ഒരു ഈച്ച കുട്ടിയുടെ തലക്കു ചുററും പാറിപറക്കുന്നു. കുട്ടിയുടെ നിറുക മുഴവനും കുരുവും, മുറിവും നിറഞ്ഞിതാണ്; കുട്ടിക്കു പൊറുതികേടുണ്ടാവുന്നു. മെലിഞ്ഞൊട്ടിയ മുഖം തിരിച്ചു ചൊറിയാൻ ഭാവിക്കുന്നു. കുട്ടിയുടെ കൈ പകുതി മാത്രമെ പൊന്തിച്ചിട്ടുള്ളൂ. അപ്പോഴേക്കും ഇതു മനസ്സിലാക്കിയ ഈച്ച അവിടെനിന്നു മാറി വേറൊരേടത്തിരിക്കുന്നു.


## അറിയിപ്പ്

ക്രിസ്തുമസ്സ് അവധി പ്രമാണിച്ച്, ഡിസെമ്പർ 29-ാം തിയ്യതി യുദ്ധസഞ്ചിക പ്രസിദ്ധപ്പെടുത്തുന്നതായിരിക്കയില്ല.


"എപ്പോഴാണ് വണ്ടി വരിക?" വയസ്സനായ സ്റ്റേഷൻമാസ്റ്റർ കടന്നുപോവുമ്പോൾ, ആളുകൾ ചോദിക്കുന്നു. ആയാളുടെ ഭുജങ്ങളിൽ അഞ്ചോ, ആറൊ വയസ്സായ ഒരു കുട്ടിയുണ്ട്. കുട്ടിക്കു ഒരു ചുവന്ന കുപ്പായമുണ്ട്. അതിൻെറ ചെവിയ്ക്കു പിന്നിൽ 'പ്ലാസ്റ്റിരി' വെച്ചു് കെട്ടിയിരിക്കുന്നു. അവൻ കഠിനസ്വരത്തിൽ കരയുന്നു.

"സാമാനം തൂക്കുന്ന മുറിയിൽ ഏതൊരു ഹൃദയമില്ലാത്ത സ്ത്രീയാണ് കുഞ്ഞിനെ ഉപേക്ഷിച്ചു പോയത്?" സ്റ്റേഷൻമാസ്റ്റർ ദേഷ്യവും സഹതാപവും നിറഞ്ഞ സ്വരത്തിൽ ചോദിച്ചു.


ആരും മുന്നോട്ടു വരുന്നില്ല. കുട്ടിയുടെ മുഖം കണ്ണീർ പാടുകളാൽ അലങ്കോലപ്പെട്ടതിനാൽ, അവനേതാണെന്നു തിരിച്ചറിയുവാൻ മേലാ. ചൂണ്ടിപ്പലകയ്ക്കടുത്തു സ്റ്റേഷൻമാസ്റ്റർ കുട്ടിയെ കിടത്തുന്നു. കുട്ടിയുടെ കണ്ണിൽനിന്നു കണ്ണീരൊഴുകുന്നില്ല. എങ്കിലും തേങ്ങൽമൂലം കുട്ടിയുടെ തോളുകൾ ഇളകുന്നു. ദുരിതനിവാരണ ഉദ്യോഗസ്ഥൻ കിഴവൻെറ കയ്യിൽ ഒരു പാത്രം കഞ്ഞി കൊടുത്തു. കുട്ടിക്കു കൊടുക്കുന്നതിന്നു കിഴവൻ സ്റ്റേഷൻ മാസ്റ്റർ കുനിഞ്ഞു. വായതുറന്നു കുട്ടി അതാ ആർത്തിയോടെകുടിക്കുന്നു.

"നിൻെറ വീട്ടുപേരെന്താണ്?" സ്റ്റേഷൻമാസ്റ്റർ ചോദിച്ചു. കുട്ടിയുടെ കണ്ണീർ മൂലം കിഴവൻെറ ശ്മശ്രു നനഞ്ഞിരിക്കുന്നു. കുട്ടി ആയാളെ ഉററുനോക്കുന്നു, പിന്നെയും പാത്രത്തിൽനിന്നു കഞ്ഞി കുടിക്കുന്നു. ഒരു ബെലൂൺപോലെ, അവൻെറ വയർ വീത്തു. പാത്രത്തിൻെറ അടി കാണാറായപ്പോഴേയ്ക്കും, അവൻ നെട്ടുവീർപ്പുവിടാൻതുടങ്ങി. കൈവിരൽകൊണ്ടു വായ്തുടച്ചശേഷം അവൻ ആളുകളെയെല്ലാം നോക്കുന്നു. എന്തോ ഓർമ്മിച്ചപോലെ പെട്ടെന്നു അവൻ തല പൊന്തിച്ചു. വൃദ്ധൻെറ കഴുത്തിൽ കടന്നു പിടിച്ചു ഇങ്ങിനെ കരഞ്ഞു: "എനിയ്ക്കുമ്മ വേണം; എനിയ്ക്കുമ്മയെ കാണണം."

സ്റ്റേഷൻമാസ്റ്റർ കുട്ടിയെ എടുത്തു ചോദിക്കുന്നു: "കൊച്ചു കഴവേറി! നിൻെറ വീടെവിടെയാണ്?" കുറച്ചിട കുഞ്ഞു നാലു ഭാഗവും നോക്കി. പിന്നീടു കിഴവൻെറ കക്ഷത്തിൽ അവൻ തലയൊളിപ്പിച്ചു. ആ ഇളം ശരീരം പേടികൊണ്ടു വിറച്ചു.

"എൻെറ വീട്ട് മുങ്ങിപ്പോയി". അവൻ തേങ്ങിത്തേങ്ങിപ്പറഞ്ഞു. . . . . . . !!

# ഫിലിപ്പൈനിലേയ്ക്കു് — തിരിച്ചെത്തി



പ്രസിഡെണ്ടു് ഓസ്മേനയും ജനറൽ മക്‌ആർതറും ലെയിററ് ദ്വീപിൽ



ലെയിററ് ദ്വീപിൽ മുന്നോട്ടണയുന്ന സഖ്യസേനകളിലെ ഭടന്മാർ ഹിമത്തിന്നിടയിൽ



മുറിപ്പെട്ടവരെ ആസ്പത്രിയിലേക്കു കൊണ്ടുപോകുമ്പോഴും, ടാങ്കുകൾ മുന്നോട്ടുതന്നെ പായുന്നു



ലെയിററ് ദ്വീപിന്റെ മദ്ധ്യപ്രദേശത്തു് ഒരു കാട്ടിൽവെച്ചു് ദേശാഭിമാനികളായ ഫിലിപ്പൈൻകാർ വിമോചകന്മാരെ സ്വാഗതം ചെയ്യുന്നു

# ഭടൻെറ സമ്മാനം

(പി. ആർ. വാരിയർ.)

(മഞ്ജരി)

“ഓമനേ! കേഴായ്കെന്തിപ്പോഴുതിങ്ങനെ
കോമളമീമുഖം വാടിയാലോ?
ഇച്ചുടുകണ്ണീരെന്നിസ്സൂവിരിച്ചിട്ട
പച്ചനീരാളത്തിൽ മുളുകളാം.
മാമകഭാസുരഭാവിയിലോമനേ!
ഭാവുകമോതും നിലാവുകളിൽ,
നിർമ്മലമാരാമസീമനിനമ്മൾക്കീ-
നർമ്മസല്ലാപങ്ങളാർന്നുനില്ക്കാം.
ശ്യാമേ! വിടതരൂ, പോകട്ടെ പട്ടാള-
വ്യോമത്തിൽത്താരകമായിമിന്നാൻ.
മുണ്ടിൻതലപ്പിനാൽ പ്രേയസിക്കുണ്ടായ
കണ്ണുനീരൊട്ടു തുടച്ചു കാന്തൻ.
“പോകണ; മങ്ങുന്നനശ്വരകീർത്തിയാ-
ന്നെന്നന്തികത്തിൽ മടങ്ങിയെത്താൻ,
അർത്ഥിതക്കാശ്വാസദായകനീശനെ
പ്രാർത്ഥിച്ചുംകൊണ്ടുഞാൻ കാത്തിരിക്കാം.”
തെല്ലു കുനിഞ്ഞുതാമോമൽമുഖംസ്വയം
മെല്ലെയുയർത്തി--നടന്നു പ്രേയാൻ.
ആതപാശ്രുക്കളാൽ മങ്ങിയകൺകളാ-
ലായുവാവൊട്ടു തിരിഞ്ഞുനോക്കെ,
സാരിതൻതുമ്പിനാൽ വക്ത്രം മറച്ചുനി-
ന്നാർദ്രയായാരോമൽ കേണുകാണായ്.
ചക്രവാളത്തിന്നുമപ്പുറത്തേയ്ക്കുന്നു
വെക്കംപകലോനും യാത്രചൊൽകെ,
കാശ്മീരച്ചാറണിച്ചേലയാൽതൻമുഖം
കേണുകേണാപ്പുകൾ മൂടിനിന്നു.
. . . . . . . . . . . . . . . . . . . . . . . .
ജീവിതവാരിധി താണ്ടുവാൻ“നേവി”യിൽ
നായകനായവൻ ചേർന്നുപിന്നെ
കല്ലോലമാലകളാർത്തലച്ചെത്തുന്ന
വല്ലാത്തവൻകടലിങ്കലെല്ലാം,
ഓരോരോപുത്തനാം പാഠംപഠിച്ചന്നു
ധീരനാംനേതാവായ്ത്തീർന്നിതയാൾ,
ഓരോനിലാവണിരാവിലും വീരന-
ന്നാരോമൽരൂപം തെളിഞ്ഞുതോന്നി.
ആയുവാവത്ഭുതമാരിലും ചേർത്തുകൊ-
ണ്ടായുധി ഹാ! ജയംനേടി നേടി,
ഫാസിസംജീവിക്കും ജപ്പാനിലെപ്പട-
യാളികളെവെന്ന കൈമിടുക്കാൽ,
ആയുവധീരമാം മാറിലണിയിച്ചി-
താളുതമാകിന ‘കീർത്തിമുദ്ര’.
. . . . . . . . . . . . . . . . . . . . . . . .
കോകിലഗാനമധുരവസന്തങ്ങ-
ളാറുപോയ്; പൂക്കളടർന്നു വീണു,
നാഥനാമാദിത്യനിർഗ്ഗമനത്തിനാൽ
നായികയാകും പുലരിയാളിൽ,
പൂംകവിൾത്തട്ടിലന്നാരംഗംതാവിയോ-
രാരക്തകാന്തികലർന്നുമിന്നി.
കാമിനീഗേഹത്തിലാത്മാർത്ഥപ്രേമത്തി-
ന്നോമനസ്വപ്നവുമായണകേ,
“ജീവനെന്നെത്തിയകത്തേക്കുപോയിടാം,
ശ്യാമേ! നീയിങ്ങോട്ടൊന്നെത്തിനോക്കൂ!”
വൃദ്ധകുശലപ്രശ്നങ്ങളന്നാഹ്ലാദ-
ബദ്ധയായിങ്ങനെയാരംഭിക്കെ,
വാതിലിൻപിന്നിലണഞ്ഞുനിന്നോമലാൾ
കാമുകനെ പേർത്തുംനോക്കിനിന്നു.
“ശ്യാമയെ”ങ്ങൌത്സുക്യംപൂണ്ടകത്തേയ്ക്കുരു-
പ്രേമത്താൽ കാമുകനോടിയെത്തി.
“സമ്മാന—മീമമചുംബനമെന്നിയേ-
യെന്നോമൽക്കെന്തിനിവേറെവേണ്ടൂ!

# തുണിച്ചരക്കു നിയന്ത്രണം

## അതെങ്ങിനെ പ്രവർത്തിക്കുന്നു

ഈ രാജ്യത്തിൽ തുണിച്ചരക്കുകൾക്കു, യുദ്ധമൂലം വളരെയധികം ക്ഷാമമുണ്ടായി. പട്ടാളത്തിന്നു ഉടുപ്പുകൾക്കും മററുമായി തുണി വേണ്ടിവന്നു, മറുനാട്ടുകളിൽനിന്നു് തുണികൾ വരാതായി, ജപ്പാൻ യുദ്ധത്തിൽ പ്രവേശിച്ചതോടുകൂടി പുറമേ നിന്നുള്ള ഇറക്കുമതി തീരെ നിന്നുപോയി.

ഒളിച്ചുവെക്കുന്നവർക്കും, അമിതാദായകാംക്ഷികൾക്കും കരിഞ്ചന്തക്കാർക്കും ഇതു് നല്ലൊരവസരമായി.

ഈ പരിതസ്ഥിതിയിൽ മൂന്നുതരം പ്രവർത്തനങ്ങൾ ആവശ്യമായിവന്നു: കൂടുതൽ വസ്ത്രങ്ങൾ, ശരിയായ നിയന്ത്രണം, റേഷനിങ്ങ്.

1943 ജൂണിൽ ഗവർമ്മേണ്ട് കോട്ടൻ ക്ലോത്ത് ആൻറ് യാർൺ കൺട്രോൾ ഓർഡർ (പരുത്തിതുണികളും നൂലും നിയന്ത്രിക്കുന്ന ഉത്തരവു്) നടപ്പിലാക്കി. പഴയ സ്റ്റോക്കുള്ള തുണികൾ ഡിസെമ്പറിൽ മാർക്കററിൽ കൊണ്ടുവരുന്നതിന്നു നിർദ്ദേശിച്ചു. തൽഫലമായി അക്കൊല്ലത്തിൽ 160,000 ലക്ഷം വാര തുണി ചന്തയിലേയ്ക്കു കൊണ്ടുവരപ്പെട്ടു. ഒരൊററ വർഷത്തിന്നിടയിൽ വില പകുതിയായി കുറഞ്ഞു.

പിന്നീടെടുത്ത നടവടി പൌരന്മാർക്കും, പട്ടാളക്കാർക്കും മാത്രമല്ല ചില അയൽരാജ്യങ്ങളിലേക്കുമായി കൂടുതൽ തുണികൾ നിർമ്മിക്കുവാനുള്ള ഏർപ്പാടായിരുന്നു. വ്യവസായികൾ ഇതിൽ സഹകരിച്ചു. യുദ്ധത്തിന്നുമുമ്പു് 35,000 ലക്ഷം വാര തുണിയെ നിർമ്മിച്ചിരുന്നുള്ളു. അതു് 40,000 ലക്ഷമായി വർദ്ധിച്ചു. കൈത്തറി നെയ്ത്തിനാലുള്ള വസ്ത്രനിർമ്മാണവും അധികരിച്ചു. ഇക്കാരണത്താൽ ഇന്നു ഓരോ ആൾക്കു് 12 വാര തുണി നൽകാൻ സാദ്ധ്യമായിട്ടുണ്ടു്. യുദ്ധത്തിന്നുമുമ്പു 16 വാരയായിരുന്നു.

### നിയന്ത്രണം നടപ്പിലാക്കൽ

നിയന്ത്രണം നടപ്പിൽ വരുത്തുന്നതിന്നു ഗവർമ്മേണ്ടു് പലപ്പോഴും വളരെ ബലവത്തായ നടവടികൾ എടുത്തിട്ടുണ്ടു്. ബോമ്പയിലെ രണ്ടു ടെക്സ്റ്റൈൽ മില്ലുകൾ പിടിച്ചെടുക്കേണ്ടിവന്നു. മററു പല മില്ലുടമകളേ ശിക്ഷിക്കുകയും, ലൈസൻസ് റദ്ദാക്കുകയും ചെയ്തു. അനവധി വ്യാപാരികളേയും ശിക്ഷിക്കുകയുണ്ടായി. ഒളിച്ചുവെക്കുന്നവരെ കണ്ടുപിടിച്ചു അവർ സംഭരിച്ചുവെച്ച സാമാനങ്ങളെല്ലാം കണ്ടുകെട്ടി. വില ഉയരാതിരിക്കുന്നതിന്നു ഗവർമ്മേണ്ടുതന്നെ പല സ്ഥലങ്ങളിലും നേരിട്ടോ, മേൽനോട്ടത്തിലോ ഉള്ള ഷാപ്പുകൾ തുറന്നു.

### നെയ്ത്തുകാരുടേയും പൊതുജനങ്ങളുടേയും ആവശ്യങ്ങൾ

റേഷനിങ്ങ് നടപ്പിൽ വരുത്തുന്നതിന്നും നല്ലതരം തുണികൾ വില്പനക്കേർപ്പാടു ചെയ്യുന്നതിന്നും ഗവർമ്മേണ്ടു ആലോചിക്കുന്നുണ്ടു്. കൈത്തറി നെയ്ത്തുകാർക്കു് ഇപ്പോൾ നൂലു കിട്ടുന്നതിന്നു കരിഞ്ചന്തയെ ആശ്രയിക്കേണ്ടിവരുന്നു. നൂലു് നിയന്ത്രിതവിലക്കു അവർക്കു കിട്ടാവുന്നതിന്നു മതിയായ വിധത്തിലുള്ള ഒരു പദ്ധതി ഗവർമ്മേണ്ടു തയ്യാറാക്കിവരുന്നുണ്ടു്.

### വാങ്ങുന്നവർക്കെങ്ങിനെ സഹായിക്കാം

ഗവർമ്മേണ്ടു ആവുന്നതെല്ലാം ചെയ്തുകഴിഞ്ഞു. പൊതുജനങ്ങളിൽ ഒരു വലിയ ഉത്തരവാദിത്വം സ്ഥിതി ചെയ്യുന്നുണ്ടു്. കരിഞ്ചന്ത, മററു യുദ്ധകാല വിഷമങ്ങൾ ഇവയെല്ലാം തടുക്കുന്നതിന്നും വില നിയന്ത്രണത്തെ വിജയിപ്പിക്കുന്നതിന്നും തുണി വാങ്ങുന്ന പൊതുജനങ്ങളിൽ ഓരോരുത്തരും വളരെ ശ്രദ്ധിക്കുകയും, കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുകയും ചെയ്യേണ്ടതു ആവശ്യമാണു്.

# സോവിയററ് വനിതകളുടെ യുദ്ധസേവനം

ഈസ്റ്റ് പ്രഷ്യയുടെ അതൃത്തിയിൽ യുദ്ധം ഭയങ്കര നിലയിലെത്തിക്കഴിഞ്ഞു. പീരങ്കി വിഭാഗത്തിലെ സിഗ്നലറാണ്, മാറിയ കെളാട്ടോവ്. മുമ്പോട്ടു പോവുന്ന സേനകൾക്കു സന്ദേശസൌകര്യങ്ങൾ ഏർപ്പെടുത്തലാണു അവളുടെ ജോലി. നാലുഭാഗത്തുനിന്നും വെടിയുണ്ടകൾ തെറിക്കുന്നു. കമ്പികൾ പൊട്ടിത്തകർന്നിരിക്കുന്നു. എങ്കിലും, മാറിയ ഇഴഞ്ഞിഴഞ്ഞു പൊട്ടിയ കമ്പികൾ ശരിപ്പെടുത്തി.

അതൃത്തിയിലൂടെ ആഞ്ഞുകയറുന്ന സോവിയററ് സേനകളെ തടഞ്ഞുനിർത്തുന്നതിനു ജർമ്മൻകാർ ഉഗ്രതയോടെ പോരാടി. ഹിററ്ലരുടെ കൂട്ടുകാർ മാറിയ മറഞ്ഞുനിന്നിരുന്ന സ്ഥലത്തെത്തിയപ്പോൾ സോവിയററ് ഭടന്മാർ അവളുടെ ആഹ്വാനം കേട്ടു: "സഖാക്കളേ! അവസാനത്തെ ശ്വാസം പോകുംവരേയും പൊരുതുക; ഹിററ്ലരുടെ പിശാചുക്കളെ കൊല്ലുവിൻ."

രണ്ടു മെഷീൻതോക്കുകാർ മൃതരായപ്പോൾ മാറിയ പെട്ടെന്നു ഒരു മെഷീൻ തോക്കിനെ സമീപിച്ചു ശത്രുവിനെ നോക്കി തെരുതെരെ വെടി വെക്കാൻ തുടങ്ങി. അവൾ വളരെയധികം ഉണ്ടകൾ വർഷിച്ചു. മാറിയ മരണമടഞ്ഞു; പക്ഷെ ആ സോവിയററ് ബാലികയുടെ ധൈര്യം! എന്നാൽ അവൾ നൽകിയ ആ ആഹ്വാനം അനുസരിച്ചു സോവിയററ് ഭടന്മാർ അതൃത്തികടന്നു.

മാറിയയുടെ സംഗതി ഒരു പ്രത്യേകമായ കാര്യമല്ല. ആയിരമായിരം മാറിയമാരുണ്ടു സോവിയററു നാട്ടിൽ. ചുവപ്പുസേനയിലും, തൊഴിൽശാലയിലും, കൃഷിസ്ഥലങ്ങളിലും, വിദ്യാലയങ്ങളിലും, പർവ്വതനിരകളിലും, സ്വരാജ്യസ്നേഹത്താൽ ആവേശഭരിതരായ എത്രയെത്രയോ സോവിയററു വനിതകളുണ്ടു. ഈ യുദ്ധം സോവിയററ് ജനതയിൽനിന്നു പല മഹൽത്ത്യാഗങ്ങളും, അദ്ധ്വാനവും കഷ്ടതകളും ആവശ്യപ്പെടുന്നു. സോവിയററ് മഹിളകൾ, അവരുടെ രാജ്യത്തിൻെറ മാഹാത്മ്യത്തെ നിലനിർത്തുന്ന കൃത്യത്തിൽ ഒട്ടും പിന്നണിയിലല്ല. അവരുടെ ശക്തിയും, ധീരോദാത്തതയും, സഹനശക്തിയും പ്രശംസനീയമാണ്. അവരുടെ സ്വന്ത ഹസ്തങ്ങളാൽ അവർ നിർമ്മിച്ച പുതിയ ജീവിതരീതിയും, നവീനസമുദായഘടനയും നിലനിർത്തുന്നതിനു അവർ കിണഞ്ഞുപൊരുതുന്നു. ഒക്ടോബർ വിപ്ലവം സോവിയററ് വനിതകൾക്കു സ്വാതന്ത്ര്യവും സമത്വവും പ്രദാനം ചെയ്തു. അവരുടെ മുമ്പിൽ പുതിയ, അഴകേറിയ ശാസ്ത്രീയവും സംസ്കാരികവുമായ ഒരു ജീവിതരീതി തുറന്നുവെച്ചു.

സോവിയററ് ഗവർമ്മെണ്ടു, നവീന സമുദായ സൃഷ്ടിക്കുവേണ്ടി, രാജ്യമൊട്ടുക്കും വ്യവസായങ്ങൾ, തൊഴിൽശാലകൾ, വിദ്യുച്ഛക്തി മന്ദിരങ്ങൾ, തോട്ടുകൾ, പുതിയ നഗരങ്ങൾ,—ഇവ നിർമ്മിക്കുന്നതിനു വിശദമായ രീതിയിൽ ഏർപ്പാടുകൾ ചെയ്തു. അവർക്കും അവരുടെ കുഞ്ഞുങ്ങൾക്കും ഒരു പുതു ജീവിതത്തെ നൽകുന്ന ഈ നിർമ്മാണപദ്ധതികളിൽ ലക്ഷലക്ഷം സ്ത്രീകൾ പങ്കെടുത്തു. ഏതു ഒരു ഉദ്യോഗവും തെരഞ്ഞെടുക്കുന്നതിനു അവർക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. തൊഴിലാളികൾ, ശാസ്ത്രകാരന്മാർ, കലാകാരന്മാർ, കണ്ടുപിടുത്തക്കാർ, സാങ്കേതിക വിദഗ്ദ്ധന്മാർ, എഞ്ചിനീയർമാർ, വ്യവസായ നേതാക്കന്മാർ, ഈ ഉദ്യോഗങ്ങളിലെല്ലാം ശേഷിയും ശേമുഷിയുമുള്ള അനവധി സോവിയററ് വനിതകളെ കാണാറായി. 27 കൊല്ലത്തോളമായുള്ള സോവിയററ് ഭരണരീതിയിൽനിന്നു ഒരു പുതിയ തലമുറ ഉത്ഭവിച്ചു. ഈ വനിതകൾക്കു ജീവിതത്തിൻെറ ഏതൊരു തുറയിലും നൈപുണ്യത്തോടെ പ്രവർത്തിക്കാൻ പ്രാപ്തിയുണ്ടെന്നു അവർ പ്രദർശിപ്പിച്ചു.

ഫാസിസ്റ്റ് വഞ്ചകന്മാർ സോവിയററു നാടിനെ ആക്രമിച്ചതിനുശേഷം, ഈ ആക്രമികൾക്കെതിരായ സമരത്തിൽ ഏററവും പ്രാധാന്യമേറിയ പങ്കു നിർവ്വഹിക്കുന്നതിനു സോവിയററു നാട്ടിലെ സ്ത്രീകളും ഇറങ്ങി. ചരിത്രത്തിലൊരിടത്തും തന്നെ, സ്ത്രീകൾ ഇത്രയധികം ത്യാഗബുദ്ധിയും, ധീരോദാത്തതയും, വീര്യപരാക്രമങ്ങളും കാണിച്ചു പൊരുതിയതായി രേഖപ്പെടുത്തിയിട്ടില്ല. ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടിയും, രാജ്യത്തിൻെറ നിലനില്പിനു വേണ്ടിയും എന്തു ചെയ്വാനും സന്നദ്ധരായ ഇവരുടെ ചരിത്രം പുളകോൽഗമകാരിയത്രെ.


സേനാനായകൻ മരണമടഞ്ഞപ്പോൾ ഭടസമൂഹത്തെ ആക്രമിക്കുന്നതിനു ധീരധീരം മുന്നോട്ടു നയിച്ച അന്ന പവ്‌ലോ എന്ന റെഡ് ക്രോസ് നഴ്സിനെ മറക്കാൻ സോവിയററു ജനതയ്ക്കു അസാദ്ധ്യമാണ്. ആ യുവതി രണരംഗത്തിൽ വീരമൃത്യു വരിച്ചു. അവൾക്കു മരണശേഷം, സോവിയററു ഗവർമ്മെണ്ടു ഓർഡർ ഓഫ് ലെനിൻ എന്ന ഉയർന്ന കീർത്തിമുദ്ര നൽകി. അവളുടെ ചിന്തകളെ രേഖപ്പെടുത്തിയിരുന്ന അന്ന പവ്‌ലോവയുടെ നോട്ടുപുസ്തകത്തിൽ ഇങ്ങിനെ എഴുതിയിരുന്നു: "എൻെറ രാജ്യത്തിൻെറ നിലയെപ്പററി ആലോചിക്കുമ്പോൾ, ഞാൻ എന്നെത്തന്നെ എൻെറ രാജ്യവുമായി സാമ്യപ്പെടുത്തുന്നു. എൻെറ രാജ്യത്തിൽ ക്ഷേമവും സന്തുഷ്ടിയും ഉള്ളപക്ഷം എനിക്കും സുഖവും സന്തുഷ്ടിയുമുണ്ടു. ലെനിൻഗ്രാഡിൽ വെടിയുണ്ടകൾ പൊട്ടിത്തെറിക്കുമ്പോൾ, നമ്മുടെ രാജധാനികളും വീടുകളും ശത്രു തകർത്തു തവിടുപൊടിയാക്കുമ്പോൾ, ജർമ്മൻകാർ എൻെറ ഹൃദയത്തിനു നേരെയാണ് വെടി വെക്കുന്നതെന്നു എനിക്കു തോന്നുന്നു. എൻെറ ഹൃദയം എന്നോടു ധീരതയോടെയും ആത്മാർത്ഥതയോടെയും ഭടന്മാരൊന്നിച്ചു പൊരുതുന്നതിനു നിർദ്ദേശിക്കുന്നു."

ഈ അഭിമാനഭരിതമായ ചിന്തയോടെ, തങ്ങളുടെ വിധി, രാജ്യത്തിൻെറ വിധിയിൽനിന്നും തീരെ അവിഭാജ്യമാണെന്ന ചിന്തയോടെ, ആയിരക്കണക്കിലുള്ള സോവിയററ് സ്ത്രീകൾ ഗറില്ലാ സംഘത്തിൽ സന്നദ്ധഭടന്മാരായി ചേർന്നു. അവർക്കു അങ്ങിനെ ചെയ്യാതിരിക്കാൻ കഴിഞ്ഞില്ല. പോർക്കളത്തിലെ ജീവിതവും, സമരവും വിഷമമേറിയതാണ്; സ്ത്രീകൾക്കു പുരുഷന്മാരെപ്പോലെത്തന്നെ ഈ ബുദ്ധിമുട്ടുകൾ സഹിക്കുന്നതിനു പ്രയാസമാണ്. എന്നാൽ സോവിയററ് സമുദായം അതിനുള്ള നെഞ്ഞൂക്കും, ആത്മവിശ്വാസവും അവിടത്തെ സ്ത്രീകളിൽ ഉത്തേജിപ്പിച്ചിട്ടുണ്ടു. ജർമ്മൻകാർ താൽക്കാലികമായി അധീനപ്പെടുത്തിവെച്ചിരുന്ന സ്ഥലങ്ങളിൽ സോവിയററു വനിതകൾ ചെയ്ത ഭയങ്കര സമരങ്ങൾ, അവരുടെ വർദ്ധമാനവും, വിശിഷ്ടവും, ദൃഢവുമായ ദേശാഭിമാനത്തിൻെറ അളവുകോലുകളാണ്. വെറുതെ പ്രതിഷേധിക്കുകയല്ല അവർ ചെയ്തതു്; അവർ ജർമ്മൻകാരേയോ, വിധിയേയോ ദൈവത്തേയോ പഴി പറഞ്ഞില്ല. ആ സ്ത്രീകൾ—അവരും സാധാരണ സ്ത്രീകളാണ്—വെറുപ്പു സഹിക്കവയ്യാതെ പ്രതികാരേച്ഛയോടെ ഗെറില്ല സംഘങ്ങളിൽ ചേർന്നു ശത്രുവിനു ഇരിക്കപ്പൊറുതിയില്ലാതാക്കി.

ഒരു ഗ്രാമത്തിൽ ജർമ്മൻകാർ ഒരിക്കൽ 3 കൊച്ചുകമ്മ്യൂണിസ്റ്റ് ബാലികമാരെ പിടികൂടി. വെടിവെക്കുമെന്നു ഭയപ്പെടുത്തിക്കൊണ്ടു ശത്രു അവരോടു, കോമസ്മോൾ (യുവകമ്മ്യൂണിസ്റ്റ് സംഘം) ഉപേക്ഷിക്കണമെന്നും, എന്നിട്ടും ജർമ്മൻകാരെ സേവിക്കണമെന്നും ഒരു പരസ്യപ്രഖ്യാപനം ചെയ്യുന്നതിന്നാവശ്യപ്പെട്ടു. ജർമ്മൻകാർ ആ ഗ്രാമവാസികളെ ആ സ്ഥലത്തേക്കു ബലാൽക്കാരമായി കൊണ്ടുവന്നപ്പോൾ, അതിൽ ഒരു ബാലിക വിളിച്ചുപറഞ്ഞു: "സഖാക്കളേ! ലെനിനും, കോമസ്മോളിനും, സ്റ്റാലിനും ജീവനുള്ളേടത്തോളം കാലം ഞങ്ങൾ ആദരവും ഭക്തിയുമുള്ളവരായിരിക്കും. ഞങ്ങൾ, ഞങ്ങളുടെ രാജ്യത്തെ വഞ്ചിക്കുകയില്ല. മരണം മുഖത്തു തുറിച്ചു നോക്കിനിൽക്കുന്ന ഈ അവസരത്തിലും ഞങ്ങൾ നിങ്ങളോടു പറയുന്നു, വിജയം നമ്മുടേതായിരിക്കും." അവർ വെടിവെച്ചു കൊല്ലപ്പെട്ടു.

ഉക്രേയിൻ, ബൈലോറഷ്യ, മൊൾഡേവിയ, ബാൾട്ടിക്ക് കറെലിയ ഇവിടെയെല്ലാം ഗറില്ലായുദ്ധത്തിൻെറ അഗ്നിജ്വാലകൾ ആളിക്കത്തി. സ്ത്രീകളില്ലാത്ത ഒരൊററ ഗറില്ലാ സംഘംപോലുമുണ്ടായിരുന്നില്ല. ഒരു ഗറില്ലാ സംഘത്തിൽപ്പെട്ട അന്നാ ഉംക്ഷെൽ കോവയും അവളുടെ സഖാക്കളും കൂടി ഏഴു ജർമ്മൻ തീവണ്ടികൾ റെയിൽനിന്നു മറിച്ചിട്ടു നശിപ്പിച്ചു. നൈന സ്മൈറേവ, സ്വന്തമായി 25 ജർമ്മൻകാരെക്കൊന്നു; ഈ ധീരവനിത ഒരു വനിതാഗറില്ലാ സംഘത്തിലെ നായികയായിരുന്നു. അന്ന ബുക്കോവയെ, ജർമ്മൻകാർ ജീവനോടെ പിടിക്കുന്നതിനു ശ്രമിച്ചപ്പോൾ, അവൾ കൈബോംബു പ്രയോഗിച്ചു ഏഴു ശത്രു ഭടന്മാരേയും നശിപ്പിച്ചു ആത്മഹത്യചെയ്തു. ഈ വിധത്തിലാണ് സോവിയററ് ബാലികമാർ അവരുടെ സ്വാതന്ത്ര്യത്തിനും, അഭിമാനരക്ഷയ്ക്കും വേണ്ടി പോരാടിയതു്.

യുദ്ധമുന്നണിയിലും പിന്നണിയിലും ഒരേ തോതിലുള്ള സഹനശക്തിയും, ധൈര്യവും ഇവർ പ്രദർശിപ്പിച്ചു. ലോകത്തിനു മുഴുവനും അറിയാം ലെനിൻഗ്രാഡിലെ ജീവിതം വളരെ മാസങ്ങളോളം ഒരു പോർക്കളത്തിലെ ജീവിതം മാത്രമായിരുന്നുവെന്നു്. സോവിയററ് സ്ത്രീകളിൽ ഒരു ചെറിയ വിഭാഗം മാത്രമെ ശത്രുവിനോടു മുഖത്തോടു മുഖം നിന്നു യുദ്ധം ചെയ്യുന്നുള്ളു. ഭൂരിഭാഗം പേരും പിന്നണിയിൽ തൊഴിൽശാലയിലും, വയലിലും, ആഫീസുകളിലും, വൈദ്യശാലകളിലും, ശാസ്ത്രീയമന്ദിരങ്ങളിലും പ്രവർത്തിച്ചു വരികയാണ്. അന്ത്യവിജയത്തിനു ആവശ്യമായ സകല സാമഗ്രികളും നിർമ്മിക്കുന്ന വിഷയത്തിൽ സോവിയററ് ജനത കാണിക്കുന്ന അക്ഷീണ പരിശ്രമം അത്ഭുതാവഹമാണ്. അതിൽ സ്ത്രീകൾ, പുരുഷന്മാരെക്കാൾ ഒന്നുകൊണ്ടും പിന്നിലല്ലതന്നെ.




വിചാരണക്ക് ആദ്യമായെടുക്കുന്നത് "ഞങ്ങൾക്കു ഭക്ഷണം വേണം" എന്ന കേസ്സാണ്!

സോവിയററ് രീതി, അന്നാട്ടിലെ സ്ത്രീകളെ അവക്കിഷ്ടമുള്ള ഏതൊരു സേവനത്തിലും ജീവിതരീതിയിലും, പ്രവേശിച്ചു വിജയം വരിക്കുന്നതിന്നുള്ള സൌകര്യങ്ങൾ ചെയ്തിട്ടുണ്ട്. തന്മൂലമാണ് ബകുവിലെ ഒരടുക്കളക്കാരി മാത്രമായിരുന്ന അലക്സാൻഡ്രാ കമേൽകിന, എണ്ണപ്പാടത്തു വന്നു പണിയെടുക്കാനാവശ്യപ്പെട്ടപ്പോൾ അന്ധാളിപ്പു കാണിക്കാതെ ജോലിചെയ്യാനാരംഭിച്ചതും, വളരെ വേഗത്തിൽ ഒരു നിപുണയായ ഡ്രില്ലറായിത്തീർന്നതും. രാജ്യത്തിന്നു എന്താവശ്യമാണോ അതെല്ലാം ചെയ്യുന്നതിന്ന് ഇന്നു സോവിയററ് സ്ത്രീക്കു സാദ്ധ്യമാണ്. ഈ കൃത്യത്തിൽനിന്നു അവളെ പിന്മടക്കുന്നതിന്നു യാതൊരു വിഷമങ്ങൾക്കും സാധിക്കുന്നതല്ല.



ജർമ്മനിയിൽ വെൻലോവിലേക്കുള്ള പുരോഗതി. സേനാവാഹിനി ടാങ്കുകൾ ഓടിക്കൊണ്ടിരിക്കുന്നു

സ്റ്റാലിൻഗ്രാഡിനെ വളഞ്ഞിരുന്ന ജർമ്മൻകാർ ആയുധംവെച്ചു കീഴടങ്ങിയ ആ സമരത്തിൽ മാത്രമല്ല വിഷമങ്ങൾ ഉണ്ടായിരുന്നുള്ളൂ. സ്റ്റാലിൻഗ്രാഡ് നഗരത്തെ നാശത്തിൽനിന്നും ഉദ്ധരിക്കുന്നതു വളരെ വിഷമവും തിട്ടക്കവുമുള്ള ഒരു കൃത്യമായിരുന്നു. ആ ധീരനഗരം വെറും മണ്ണും വെണ്ണീറുമായി മാറിയിരുന്നു. അതിനെ ഉദ്ധരിക്കേണ്ട ആവശ്യകത എല്ലാ ജനങ്ങളുടെയും ആശയും ആവശ്യവുമായിരുന്നു. ഗവമ്മേണ്ടിന്റെ അഭ്യർത്ഥനയുടെ ഫലമായി രാജ്യത്തിന്റെ നാനാഭാഗത്തുനിന്നുമായി 25,000 പേർ സ്വമേധയാ നഗരം നിർമ്മിക്കുന്നതിന്നുവേണ്ടി സ്റ്റാലിൻഗ്രാഡിൽ വന്നെത്തി. ഇവരിൽ ഒരു വലിയ വിഭാഗം സ്ത്രീകളായിരുന്നു. മരവിച്ചു മരിച്ച നഷ്ടശിഷ്ടങ്ങളിൽനിന്നു ഒരു പുതിയ സ്റ്റാലിൻഗ്രാഡ് ഉയിർത്തെഴുന്നേററു. സ്റ്റാലിൻഗ്രാഡിലെ പൌരന്മാർ വീട്ടുകളിലേക്കു തിരിച്ചു വന്നു. പിന്നണിയിൽ ഏററവും ജാഗ്രതയിലും, ആത്മവിശ്വാസത്തോടെയും, ധീരതയോടെയും പ്രവർത്തിക്കുന്നതിന്നുള്ള ഊക്കും ഉന്മേഷവും സോവിയററ് സ്ത്രീകൾക്കു ഉണ്ട്. ജർമ്മൻ രാജ്യത്തേക്കു തള്ളിക്കേറിക്കഴിഞ്ഞ ചുവപ്പുസേനയുടെ ധീരോദാത്ത കഥകളെപ്പററിയുള്ള ചരിത്രം മുഴുവനും വിശ്വവിശ്രുതമാവുമ്പോൾ, തീർച്ചയായും ഈ വിജയങ്ങൾക്കു സഹായിച്ച ലക്ഷലക്ഷം ധീരവനിതകളെപ്പററിയും ലോകം അറിയുന്നതായിരിക്കും.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.